ANUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കോബ്യൻ

2006 സെപ്റ്റംബർ

yakkoobyan monthly



മറിയാമിൻ ഓർമ്മ വാഴ്‌വായ് തീരണമേ
അവൾ തൻ യാചനകൾ കോട്ടയതാകട്ടെ
ദൈവസുതൻ ജനനി കന്യക മറിയാമിൻ
ഉയരുന്നോയാറിൽ സുഖപരിമളധൂപം

design: rajesh: 0469 - 2651702

# വാർത്തകൾ

## ദർശന സുകൃതം പകർന്നു മണർകാട് പള്ളിയിൽ നട തുറന്നു



*എട്ടുനോമ്പിനോടനുബന്ധിച്ച് മണർകാട് പള്ളിയിലെ നട തുറന്നപ്പോഴുള്ള ഭക്തജനത്തിരക്ക്*

മണർകാട്: ഭക്തജനസാഗരം സാക്ഷിയായി മണർകാട് പള്ളിയിലെ ചരിത്രപ്രസിദ്ധമായ നടതുറക്കൽ ചടങ്ങ് നടന്നു.

എട്ടുനോമ്പിന്റെ സമാപന ദിനങ്ങളിൽ മാത്രം ദർശനത്തിനു തുറക്കാറുള്ള വിശുദ്ധ ദൈവമാതാവിന്റെ ചൈതന്യം ദർശിച്ച തീർഥാടക സമൂഹത്തിന്റെ അതു നിർവൃതിയുടെ ധന്യനിമിഷങ്ങളായി. പ്രധാന മദ്ബഹയിലെ വിശുദ്ധ ത്രോണോസിനു മുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ദൈവമാതാവിന്റെ ചൈതന്യം ദർശിച്ച തീർഥാടക സമൂഹത്തിന് അതു നിർവൃതിയുടെ ധന്യനിമിഷങ്ങളായി. പ്രധാന മദ്ബഹയിലെ വിശുദ്ധ ത്രോണോസിനു മുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും ചിത്രം കുര്യാക്കോസ് മാർ സേവേറിയോസിന്റെ പ്രധാന കാർമികത്വത്തിൽ നടന്ന മൂന്നിന്മേൽ കുർബാനയ്ക്കുശേഷം മധ്യാഹ്ന പ്രാർഥനയോടയാണ് തുറന്നത്. വൈദിക ശ്രേഷ്ഠരും ചടങ്ങുകളിൽ പങ്കെടുത്തു.

രാവിലെ മുതൽ പള്ളിയും പരിസരവും തീർഥാടകരാൽ നിറഞ്ഞിരുന്നു. 'പരിശുദ്ധ ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്ന പ്രാർഥന നിറഞ്ഞ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിലായിരുന്നു നടതുറക്കൽ. എട്ടുനോമ്പിന്റെ സമാപന ദിനമായതോടെ തീർഥാടക പ്രവാഹമേറി.

രാവിലെ ഒൻപതിനു ഗീവർഗീസ് മാർ കൂറിലോസിന്റെ പ്രധാന കാർമികത്വത്തിൽ മൂന്നിന്മേൽ കുർബാന, 2.30 നു പ്രദക്ഷിണം, 3.30 നു നേർച്ചവിളമ്പോടുകൂടി നോമ്പാചരണം സമാപിച്ചു.

## പത്തനംതിട്ട പള്ളിയുടെ കൂദാശ 29,30 തീയതികളിൽ

പത്തനംതിട്ട ടൗണിൽ പണിതീർത്തിരിക്കുന്ന വി. ദൈവമാതാവിന്റെ നാമത്തിലുള്ള ദൈവാലയത്തിന്റെ കൂദാശകർമ്മം ശ്രേഷ്ഠകാതോലിക്ക ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാബാവയുടെയും അഭിവന്ദ്യ മെത്രാപ്പോലീത്താമാരുടെയും കാർമ്മികത്വത്തിൽ വിപുലമായി ഈ മാസം 29,30 തീയതികളിൽ നടത്തപ്പെടുന്നു.

ശ്രേഷ്ഠ ബാവാതിരുമേനിയേയും സഭയിലെ 15 മെത്രാപ്പോലീത്ത തിരുമേനിമാരെയും 29-നു വൈകിട്ട് 3ന് പത്തനംതിട്ട നന്നുവക്കാട്ട് കാത്തോലിക്കാപള്ളിയങ്കണത്തിൽനിന്ന് നൂറുകണക്കിനു വൈദീകരുടെയും ആയിരക്കണക്കിനു വിശ്വാസികളുടെയും, ചെണ്ടമേളങ്ങളുടെയും ബാന്റുമേളങ്ങളുടെയും മറ്റും അകമ്പടിയോടെ ആഘോഷമായി പള്ളിയിലേക്ക് സ്വീകരിച്ചാനയിച്ച് കോ-ഓപ്പറേറ്റീവ് കോളേജ് അങ്കണത്തിൽ ശ്രേഷ്ഠ കാതോലിക്കാബാവയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന പൊതുയോഗം കേരളാ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാന്ദൻ ഉത്ഘാടനം ചെയ്യുന്നതും പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി, മനത്രിമാരായ മാത്യു ടി.തോമസ്, ടി.യു. കുരുവിള, എം.എൽ.എ.മാർ, എം.പി.മാർ, സാമുദായിക നേതാക്കൾ, സഭാപിതാക്കന്മാരായ മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ, ഡോ. ജോഷ്വാ, മാർ ഇഗ്നാത്തിയോസ്, ബിഷപ്പ് തോമസ് സാമുവേൽ തുടങ്ങിയവർ പ്രസംഗിക്കും. തുടർന്ന് കൂദാശയുടെ ഒന്നാംഘട്ടം നിർവ്വഹിക്കും. 30-നു വി. കുർബ്ബാനയും കൂദാശയുടെ രണ്ടാം ഘട്ടവും നിർവ്വഹിക്കും. പത്തനംതിട്ട ദേശം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ പ്രൗഢഗംഭീരവും ഭക്തിനിർഭരവുംമായ ചടങ്ങുകൾ ആയിരിക്കുമെന്നതിൽ സംശയമില്ല.

### ടി.എസ്. സാമുവേൽ പാർലമെന്റ് സുരക്ഷാവിഭാഗം ജോയിന്റ് ഡയറക്ടർ



ന്യൂഡൽഹി: പാർലമെന്റ് സുരക്ഷാവിഭാഗം ജോയിന്റ് ഡയറക്ടറായി ടി.എസ്. സാമുവേൽ ചുമതലയേറ്റു. പത്തനംതിട്ട ഓമല്ലൂർ താഴേതിൽ കുടുംബാഗമായ സാമുവേൽ 27 വർഷമായി ലോക്സഭാ സർവ്വീസിലാണ്. ആറുവർഷമായി സുരക്ഷാവിഭാഗം ഡപ്യൂട്ടി ഡയറക്ടറായിരുന്നു. യാക്കോബായ സഭയുടെ കമാൻഡർ, ഷെവലിയാർ പദവിയും ലഭിച്ചിട്ടുണ്ട്.

എഡിറ്റോറിയൽ

# 60–ാം സ്വാതന്ത്ര്യദിനം

ഭാരതത്തിന്റെ 59–ാം സ്വാതന്ത്ര്യവാർഷികം നാം ആഘോഷിച്ചു. ഷഷ്ട്യാബ്ദിയിലേക്കു പ്രവേശിച്ച സ്വതന്ത്ര ഇന്ത്യയെക്കുറിച്ചുള്ള മഹാത്മാക്കളുടെയും സ്വാതന്ത്ര്യത്തിനുവേണ്ടി ജീവന്മരണ പോരാട്ടം നടത്തിയ സമരസേനാനികളുടെയും സ്വപ്നം സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞുവോ എന്ന് ഒന്ന് തിരിഞ്ഞുനോക്കുന്നതു നന്നായിരിക്കും. ശാസ്ത്ര -സാങ്കേതിക-സാമൂഹ്യരംഗത്ത് നാം വളരെ മുന്നോട്ടുപോയി. എന്നാൽ ആ വളർച്ച താഴേ തലങ്ങളിൽ എത്തിച്ചേർന്നുവോ എന്നു നോക്കുന്നത് കൊള്ളാം. വിദ്യാഭ്യാസരംഗത്ത് ഇന്നും ഇന്ത്യയുടെ ഭൂരിഭാഗങ്ങളിലും മുന്നേറ്റമുണ്ടായിട്ടില്ല. പ്രത്യേകിച്ച് താഴെ തട്ടിൽ. പെൺകുട്ടികളെ ഇന്നും സ്കൂളുകളിൽ വിടാത്ത പ്രദേശങ്ങളുണ്ട്. പെൺ ഭ്രൂണഹത്യ വർദ്ധിച്ചുവരുന്നു. കാർഷികരംഗത്ത് വൻ മുന്നേറ്റമുണ്ടായെങ്കിൽ കർഷക ആത്മഹത്യ വർദ്ധിച്ചുവരുന്നു. വിളകൾക്ക് വിലയില്ല. തൊഴിൽ ചെയ്യാൻ ആളില്ല. വർദ്ധിച്ച കൂലി, കർഷകർ വീർപ്പുമുട്ടുന്നു. സമ്പന്നൻ കൂടുതൽ സമ്പന്നനാകുന്നു. ദരിദ്രൻ ദാരിദ്രത്തിലേക്കു കൂപ്പുകുത്തുന്നു. വ്യവസായങ്ങൾ കുറയുന്നു. തൊഴിലും കുത്തനെ കുറയുന്നു. മാഫിയകൾ എല്ലാ രംഗത്തും ആധിപത്യം പുലർത്തുന്നു. സമ്പത്തുണ്ടാക്കുന്നതിലാണ് ഭരണാധികാരികൾക്കും രാഷ്ട്രീയ നേതാക്കൾക്കും താല്പര്യം. ധാർമ്മികരംഗത്ത് വൻ മൂല്യച്യുതി, സ്ത്രീപൂഢനത്തെപ്പോലെതന്നെ പുരുഷപീഡനവും വർദ്ധിക്കുന്നു. നാനാത്വത്തിൽ ഏകത്വം കാത്തു സൂക്ഷിക്കുന്ന ഭാരതത്തിലെ വൈവിദ്ധ്യങ്ങളായ വിശ്വാസങ്ങളും ആശയങ്ങളും ഭാഷകളും മതങ്ങളും ജാതികളും ഇന്ത്യയുടെ മനോഹാരിത വർദ്ദിക്കുമ്പോൾ തന്നെ പലോടത്തും അസഹിഷ്ണത വളരുന്നു. ഭീകരപ്രവർത്തനങ്ങൾ തലപൊക്കുന്നു. ഭിന്നിപ്പിന്റെ ആത്മാവ് പിടിമുറുക്കുവാൻ ശ്രമിക്കുന്നു. അക്രമങ്ങൾ വർദ്ധിപ്പിക്കുന്നു. നീതിന്യായരംഗംപോലും സത്യസന്ധമല്ലെന്ന തോന്നൽ ഉണ്ടായിരിക്കുന്നു. ആഗോളവത്ക്കരണം പാവപ്പെട്ടവനെ വീർപ്പുമുട്ടിക്കുന്നു. പൊതുപ്രവർത്തനത്തിൽ സത്യസന്ധത ഇല്ലാതാകുന്നു. രാഷ്ട്രീയക്കാരുടെ ഗുണനിലവാരം ഇടിയുന്നു. ജനാധിപത്യത്തിൽ യജമാനരായ പൗരന്മാർ നോക്കുകുത്തികളാകുന്നു. ആരോഗ്യരംഗത്തുപോലും ജീവൻ നിലനിർത്താൻ വൻതുക ചെലവാക്കേണ്ടിവരുന്നു. രാഷ്ട്രീയം പൗരന്റെ ദൈനംദിന ജീവിതത്തിന്റെ ഭാഗമല്ലാതായി. കാണുകയും കേൾക്കുകയും രസിക്കുകയും സ്തുതിപാടുകയും വിമർശിക്കുകയും ചെയ്യുന്നതല്ലാതെ ജീവിതത്തിന്റെ ഒന്നുമല്ലാതായി തീർന്നു. പ്രവർത്തിക്കാതെ പറയാനും എഴുതാനുമുള്ള സ്വാതന്ത്ര്യമാണോ യഥാർത്ഥ സ്വാതന്ത്ര്യം. പൂർവ്വികർ ഏറെ ത്യാഗവും സഹനവും സഹിച്ച് ജീവത്യാഗം ചെയ്ത് നേടിയെടുത്ത സ്വാതന്ത്ര്യം ഇതു മാത്രമാണോ? ഓരോ വ്യക്തിയും സ്വതന്ത്രനും ശക്തനും പ്രാപ്തിയുള്ളവനും അറിവുള്ളവനും ആകുമ്പോഴാണ് യഥാർത്ഥ സ്വാതന്ത്ര്യം അനുഭവവേദ്യമാകുന്നത്. ദേശസ്നേഹത്തിന്റെ നാളുകൾ വീണ്ടെടുക്കാൻ ഇന്നാളുകൾ നമ്മെ സഹായിക്കട്ടെ.

ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം സാത്താന്റെ ബന്ധനത്തിൽ നിന്നുള്ള വിടുതലാണ്. കാൽവറിയിലെ ക്രൂശിൽ ക്രിസ്തു തന്റെ രക്തം മറുവിലയായി നൽകി നമ്മെ എന്നന്നേക്കുമായി സ്വതന്ത്രരാക്കി. അവന്റെ അടിപിണരുകളാൽ നമുക്ക് സൗഖ്യം വന്നു. നമുക്കുവേണ്ടി തുപ്പും തല്ലും കുത്തും എന്തിന് മരണം പോലും ഏൽക്കേണ്ടിവന്നു. എന്നിട്ടും ഇപ്പോഴും നാം വിമുക്തരായോ? സാത്താന്റെ പിടിയിൽ നമ്മെതന്നെ ഏല്പിച്ചു. കൊടുക്കന്നതിൽ നിന്ന് നാം പിന്തിരിയണം. ഒരിക്കലായി ലഭിച്ച സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുന്നതിന് നമ്മുടെ ജീവിതത്തെ നമുക്ക് ക്രമപ്പെടുത്താം.



## മലങ്കര മല്പാൻ ഡോ. കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പായുടെ

# പൗരോഹിത്യ പ്ലാറ്റിനം ജൂബിലിയാഘോഷം

### തിരുവല്ല അലക്സാണ്ടർ മാർത്തോമാ സ്മാരക സഭാഹാളിൽ
### 17.9.2006 ഞായർ 2 പി.എം.ന്



മലങ്കര യാക്കോബായ സുറിയാനി സഭയുടെ വൈദിക ട്രസ്റ്റി മലങ്കര മല്പാൻ കോറുസോ ദശ്റോറോ വന്ദ്യ. ഡോ. കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്ക്കോപ്പാ വൈദീക പദവിയിലേക്ക് ഉയർന്നതിന്റെ 75-ാം വാർഷികം അതിവിപുലമായി തിരുവല്ല അലക്സാണ്ടർ മാർത്തോമാ സ്മാരക സഭാ ഹാളിൽ ഈ മാസം 17-ന് ഞായർ ഉച്ചക്ക് 2 മണിക്ക് വിപുലമായി ആഘോഷിക്കുന്നു. അദ്ദേഹത്തെ ആദരിച്ച് അനുമോദിച്ചുകൊണ്ടു നടക്കുന്ന പൊതു സമ്മേളനത്തിൽ ഇടവകയുടെ സഹായ മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനി അദ്ധ്യക്ഷത വഹിക്കും. വിവിധ സഭാ മേലദ്ധ്യക്ഷന്മാർ, മന്ത്രിമാർ, എം.എൽ.എ.മാർ, സാമൂഹ്യ-സാമുദായിക നേതാക്കൾ സഭയിലെ മെത്രാപ്പോലീത്താമാർ തുടങ്ങിയവർ പങ്കെടുക്കും.

# വിരുതു പ്രകരണം

ഷെവ. പി.കെ. പൗലോസ് കൂരൻ

**1870** കാലഘട്ടത്തിൽ തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളിൽ ബ്രട്ടീഷ് റസിഡന്റായിരുന്ന ജി. ബി. ബലാർഡ് സായിപ്പ് മലങ്കരയിലെ സുറിയാനി സഭയേയും സമൂഹത്തേയും കുറിച്ചുള്ള കാര്യങ്ങൾ ഉൾകൊള്ളുന്ന ഒരു പ്രബന്ധ മത്സരം (വിരുതു പ്രകരണം) നടത്തി. ഇതു സംബന്ധിച്ച് 1870 ജനുവരി 2-ന് ഇരുസംസ്ഥാനങ്ങളിലേയും ഗസ്റ്റുകളിൽ വിഞ്ജാപനം നടത്തുകയുണ്ടായി. തെരഞ്ഞെടുക്കപ്പെടുന്ന പ്രകരണത്തിന് സമ്മാനതുകയും നിശ്ചയിച്ചിരുന്നു. വിധികർത്താക്കളായി നിശ്ചയിച്ചിരുന്നത് കേരള വർമ്മ വലിയകോയി തമ്പുരാൻ, പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത, റവ. ഹെൻട്രിബേക്കർ സായിപ്പ് എന്നിവരെ ആയിരുന്നു. പ്രതികരണം ലഭിക്കേണ്ടതിന് നിശ്ചയിച്ചിരുന്ന അവസാന തീയതി 1870 നവംബർ 30 ആയിരുന്നു. 6 പ്രകരണങ്ങൾ ലഭിച്ചതിൽ സമ്മാനർഹമായത് റവ. ഇട്ടീര ഈപ്പന്റെ പ്രകരണത്തിനായിരുന്നു.

മറ്റു പ്രകരണങ്ങളിൽ റവ. ജി. കുര്യൻ, റവ. കുരുവിള കുരുവിള, കോട്ടൂർ യാസേഫ് കർത്തനാർ എന്നിവരുടെ പ്രകരണങ്ങൾക്ക് പ്രാത്സാഹന സമ്മാനങ്ങളും നൽകി.

ഇതിൽ റവ. ജി. കുര്യന്റെ പ്രകരണനത്തോടൊപ്പം ഒരു അനുബന്ധം കൂടി ചേർത്തിരുന്നു. 130 വർഷങ്ങൾക്കു മുമ്പുള്ള യാക്കോബായ സുറിയാനി സഭയുടെ വിശ്വാസം ആചാരാനുഷ്ഠാനങ്ങൾ സഭാംഗങ്ങളുടെ ജീവിത രീതി, സാമൂഹ്യ സ്ഥാനം തുടങ്ങി ഒട്ടനവധി വിവരങ്ങൾ ഇതിൽ ഉണ്ട്. ഈ അനുബന്ധം പൂർണ്ണരൂപത്തിൽ താഴെ ചേർക്കുന്നു.

**വിരുതു പ്രകരണം - അനുബന്ധം**

സുറിയാനിക്കാരുടെ സഭയേയും, സമൂഹത്തെയും കുറിച്ച് പ്രസ്താവിച്ച ഈ പ്രകരണത്തിൽ അവരുടെ വിശ്വാസരീതികളെയും, ആരാധാനകളെയും കർമ്മങ്ങളെയും വൈദീകന്മാരുടെ സ്ഥാനങ്ങളെയും യഥാക്രമങ്ങളെയും കുറിച്ചും അവരുടെ ആചാരങ്ങളെയും നടപടികളെയും പൂർവ്വീക താൽകാല സ്ഥിതികളെയും കുറിച്ച് അല്പമെങ്കിലും പറയാതെകൊണ്ട് ഈ പ്രകരണം പൂരിതമാകുകയില്ലെന്ന് വിചാരിച്ച് ചുരുങ്ങിയ വിവരങ്ങളെ അനുബന്ധത്തിൽ ചേർക്കുന്നു.

സുറിയാനികൾ മറ്റു പൂർവ്വീക ക്രിസ്ത്യാനികൾ എന്നപോലെ പിതൃപുത്ര പവിത്രാത്മാക്കൾ എന്ന ക്രിയേക ദൈവത്തിൽ വിശ്വസിക്കുന്നു. കാനോൻ പ്രകാരമുള്ള വേദവാക്യങ്ങളെ സമ്മതിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. മുമ്പിലത്തെ മൂന്നു സുന്നഹദോസ്സുകൾ എന്ന് സാധാരണ സഭായോഗങ്ങളെയും, അവയുടെ വിധികളെയും ഇവർ സമ്മതിക്കുന്നു. മൂലമൂർത്തികളിൽ രണ്ടാമനായ പുത്രൻ മനുഷ്യാവതാരം ചെയ്തശേഷം തന്റെ ദിവ്യ സ്വഭാവവും മനുഷ്യസ്വഭാവവും കൂടി ഏകീഭവിച്ച് ഒരു സ്വഭാവവും, തനിക്ക് ഉണ്ടെന്നും ഇവർ വിശ്വസിക്കുന്നു. പിന്നെയും ...... മൂന്നാം മൂർത്തിയായ പവിത്രാത്മാവും പിതാവിൽ നിന്നും പുറപ്പെടുന്നു എന്നും വിശ്വസിക്കുന്നു. ഇവർക്ക് സ്ഥിരമായ ആരാധനാക്രമങ്ങളും, കർമ്മങ്ങളും ഉണ്ട്. കർത്തൃഭോജനമായ കുറുബാന ഞായറഴ്ചത്തോറും, മറ്റു ശുഭദിനങ്ങളിലും കൊണ്ടാടുന്നു. അവയൊക്കയും സുറിയാനി ഭാഷയിലാകുന്നു ഇരിക്കുന്നത്. ചിലർ ഭാഷാപ്പെടുത്തിയും ചെയ്യാറുണ്ട്. അത് ജീവികൾക്കും മരിച്ചവർക്കും ഫലം ചെയ്യുമെന്ന് വിശ്വസിക്കുന്നു. കർത്തൃഭോജനത്തിലെ ദിവ്യദ്രവ്യങ്ങൾക്ക് പകർച്ച ഭവിക്കുന്ന പ്രകാരം സുറിയാനിക്കാരുടെ വിശ്വാസത്തിൽ ഇല്ല. അവയെ ഒന്നിച്ചും രണ്ടായിട്ടും ജനങ്ങൾക്ക് കൊടുക്കുകയും ഉണ്ട്. പല കുറിക്കപ്പെട്ട വ്രതങ്ങളുമുണ്ട്. പള്ളികളിൽ പ്രതിദിനം ഉപവാസന ഉണ്ട്. അത് കാലത്തും വൈകുന്നേരത്തുമാകുന്നു. വ്രതകാലങ്ങളിൽ മദ്ധ്യാഹ്നത്തിലും ഉണ്ട്. ഇവർക്ക് പ്രധാനമായി തിരുസ്നാനം, വിവാഹം, കുമ്പസാരം, കർത്തൃഭോജനം, അന്ത്യാഭിഷേകം, എന്ന കർമ്മങ്ങൾ മുഖ്യം. പട്ടങ്ങൾ മുറയ്ക്ക് പറയുമ്പോൾ എല്ലാ പുരാതന ക്രസ്ത്യാനികൾക്കുമെന്നപോലെ മേല്പട്ടക്കാർ, പട്ടക്കാരൻ, ശുശ്രൂഷക്കാരൻ എന്നിങ്ങനെ മൂന്ന് യഥാക്രമങ്ങളെ ഉള്ളൂ. എന്നാൽ ഇവയിൽ കൂട്ടീട്ടും, കുറഞ്ഞിട്ടും പല പേരുകളും പറയുന്നുണ്ട്. പ്രധാന പട്ടക്കാരന് ഇഗ്നാത്തിയോസ് പാത്രീയർക്കു എന്ന് പേർ. അദ്ദേഹം അന്ത്യോഖ്യാ പാത്രീയർക്ക് എന്ന നാമധേയത്തോടെ മറിദ്ദീനിൽ ഇരിപ്പാകുന്നു. മെത്രാന്മാരാകുന്നവർക്ക് പന്ത്രണ്ട് നാമങ്ങൾ ഉള്ളിൽ ഒന്ന് ധരിക്കുന്നത് അല്ലാതെ തനിപേർ വിളിക്കുന്നില്ല. ആ പേരുകളാവിതു-സെവെറിയോസ്, ദീയസ്കോറോസ്സ്, അത്താനാസിയോസ്, ദിവന്നാസിയോസ്, ഒസ്ത്താത്തിയോസ്, തീമോതതെയോസ്, പീലക്സുനോസ്, അന്തിയോസ്, ക്ളിമ്മീസ്, കൂറിലോസ് ഇവാനിയോസ്സ്, ഇതല്ലാതെ ദൈവീകർക്ക് പല പേരുകളും പറയും. മഫ്രിയാനോ, കാതോലിക്കാ, മെത്രാപ്പോലീത്ത, എപ്പിസ്കോപ്പാ, കോറെപ്പിസ്കോപ്പാ, കശ്ശീശ്ശാ, ശിമശോനോ, അർക്കദിയോക്കൻ, റമ്പാൻ (സന്യാസി) കോറോയ ഹുപ്തിയോക്കൻ എന്നാകുന്നു.

*തുടരും...*

# പ. യാക്കോബായ സുറിയാനി സഭയുടെ ആരാധനയും സത്യ വിശ്വാസാചാരങ്ങളും

പ്രൊഫ. (ഡോ.) സി.എ. നൈനാൻ, തിരുവനന്തപുരം M.Sc., Ph. D., Th.D., D.D., D.Litt.

**വചനത്തിന്റെ ശുശ്രൂഷ വഴി മാറിപ്പോകരുത്**

വി. സഭയെ ഒരു തീവണ്ടിയുമായി ഉപമിക്കാം. തീവണ്ടി ഓടണമെങ്കിൽ പാളം (Rail) വേണം. ഇതാണ് യെരമ്യാ പ്രവാചകൻ പറയുന്ന പഴയവഴികൾ (യെകമ്യാ 6:16). ഇതത്രേ നമ്മുടെ പാരമ്പര്യം. സീയോൻ പർവ്വതത്തെ ലാക്കാക്കി ഓടിക്കയറുന്ന തിരുസഭ പുറകിൽ നിന്നു തള്ളുകയും (Push) മുന്നിൽ നിന്നു വലിയ്ക്കുകയും (Pull) ചെയ്യുന്ന (Push Pull) തീവണ്ടിപോലെയാകുന്നു. അപ്പോസ്തലിക പിന്തുടർച്ചയാണ് പുറകിൽ നിന്നുള്ള തള്ളൽ എങ്കിൽ മുന്നിൽ നിന്നുള്ള വലി പ. റൂഹായുടെ നടത്തിപ്പാകുന്നു. ഇവ രണ്ടും നഷ്ടപ്പെട്ട വണ്ടികളാണ് ഇന്ന് പാളം തെറ്റി എവിടെയും മറിഞ്ഞു കിടക്കുന്നത്.

'വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നെഴുന്നേൽക്കും' (അപ്പൊ. 20:30) എന്ന ദൈവവചനം അക്ഷരം പ്രതി നിറവേറ്റപ്പെട്ടു കൊണ്ടിരിക്കുന്ന ഈ കാലയളവിൽ കർത്താവേശു മിശിഹായ്ക്കുവേണ്ടി തങ്ങളുടെ ജീവൻ ബലിയർപ്പിച്ച വി. സഹദേന്മാരും സഭാപിതാക്കന്മാരും, പണ്ഡിത വരേണ്യരായ ആചാര്യന്മാരും പാലിച്ചു നമ്മെ ഭരമേല്പിച്ചിരിക്കുന്ന അതിവിശുദ്ധ വിശ്വാസത്തിന്റെ (യൂദാ. 1:3,20) ആഴവും, യാഥാർത്ഥ്യവും, വ്യാപ്തിയും ഉൾക്കൊള്ളുവാൻ കഴിവില്ലാത്ത സമൂഹങ്ങൾ വി. വേദപരമായ പാണ്ഡിത്യം നടിച്ച് സുവിശേഷത്തിന്റെ പേരിൽ പ. പിതാക്കന്മാരുടെ സത്യവിശ്വാസത്തിൽനിന്നും സഭാമക്കളെ പിന്തിരിപ്പിച്ച് സ്വയം കൃതങ്ങളും അബദ്ധജഡിലങ്ങളുമായ ദുരുപദേശങ്ങളിലേക്കു നാനാവിധത്തിൽ വശീകരിച്ച് കൊണ്ടുപോകുന്നുണ്ട്. ആകയാൽ ക്രിസ്തീയ മതസംഗതികളുടെ വേദപുസ്തകപരവും സത്യവിശ്വാസ സംബന്ധവുമായ യഥാർത്ഥ അറിവ് വി. സഭാമക്കൾ സമ്പാദിക്കേണ്ടത് എന്നത്തേക്കാളും ഇന്ന് അത്യാവശ്യമായിരിക്കുന്നു. ഇവകളുടെ വിഴുവിഴുത്ത വഴികൾ സ്വർഗ്ഗ കനാനെ പ്രാപിപ്പാൻ പര്യാപ്തമല്ല. ഈയൽ എഴുന്നു പറക്കുന്നതു കാണുവാൻ രസമാണ്. ഈയലും മദിച്ചു രസിക്കുന്നുണ്ടാവാം. പക്ഷേ ഇവയെല്ലാം താമസിയാതെ തന്നെ ചിറകറ്റു വീഴുന്നില്ലേ? എന്നാൽ സത്യവിശ്വാസം കഴുകനെപ്പോലെ ചിറകടിച്ചു സ്വർഗ്ഗീയ ഉയരങ്ങളിലെത്തിക്കുന്നതാകുന്നു. ഈ സത്യം സഭാമക്കൾ അറിഞ്ഞിരിക്കുകയും അതിനെ മുറുകെ പിടിക്കുകയും ചെയ്യണം. തന്റെ ഇഷ്ടന്മാരെ ആദരിക്കുവാനും അവരുടെ മദ്ധ്യസ്ഥയിൽ അഭയം തേടുവാനും ദൈവം തന്നെ പഠിപ്പിക്കുന്നുണ്ട് (ഇയ്യോബ് 42:8). പരിശുദ്ധന്മാരേയും, അവരുടെ മദ്ധ്യസ്ഥതയേയും ധിക്കരിക്കുന്നത് അക്ഷന്തവ്യമായ അഹന്തയും പരിശുദ്ധാത്മാവിനോടുള്ള മത്സരവും, ദൈവീക പരിജ്ഞാനത്തിന്റെ അഭാവവും അല്ലാതെ മറ്റൊന്നുമില്ല. ഭൂമിയിലെ വിശുദ്ധന്മാരോ അവർ എനിക്കു പ്രസാദമുള്ള ശ്രേഷ്ഠന്മാർ തന്നെ (സങ്കീ. 16:3) എന്നാണല്ലോ ദൈവവചനം. ആദിമുതൽ ദൈവത്തെ പ്രസാദിപ്പിച്ചിട്ടുള്ള അനേകായിരം വിശുദ്ധന്മാർ സജീവരായി ദൈവതിരുമുമ്പിൽ ഇന്നും നില കൊള്ളുന്നുണ്ട്. സിദ്ധന്മാരുടെ സർവ്വസംഘങ്ങളും വി. സഭയിൽ ഉൾക്കൊണ്ടുമിരിക്കുന്നു (എബ്രാ. 12:22-24). വിശുദ്ധന്മാരെ ശുശ്രൂഷിക്കുന്നതു ദൈവ നാമത്തോടു കാണിക്കുന്ന സ്നേഹമണെന്ന് വി. പൗലൊസും പറയുന്നു (എബ്രാ. 6:10) നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടതും തന്നെ (സദൃ. 10:17) എന്ന തിരുവചനവും കാണുക.

ഞാൻ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാകുന്നു എന്നു യഹോവ മോശെയോടു അരുളി ചെയ്യുന്നുണ്ട് (പുറ. 3:6). തന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രത്യേക അവകാശത്തെയാത്രെ ഇതു കാണിക്കുന്നത്. എന്റെ ദൈവം എന്നു ഒരുവൻ പറയുന്നതിനേക്കാൾ എത്രയോ വലിയ അവകാശമാണ് ഞാൻ നിന്റെ ദൈവമാകുന്നു എന്നു കർത്താവ് ഒരുവനോടു അരുളി ചെയ്യുന്നത്. തന്റെ പരിശുദ്ധന്മാരുടെ അവകാശവും ദൈവതിരുസന്നിധിയിൽ അവർക്കുള്ള പ്രാഗത്ഭ്യവും ഇതിൽ നിന്നത്രെ വരുന്നതും. അബ്രാഹാമും, ഇസഹാക്കും, യാക്കോബും മരിച്ച് അനേക നാളുകൾ കഴിഞ്ഞത്രെ ഞാൻ അബ്രഹാമിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും എന്നു യഹോവ അരുളി ചെയ്യുന്നത്. കർത്താവിൽ മരിക്കുന്ന ഭാഗ്യവാന്മാർക്കു മരണമില്ല. അവർ എന്നും കർത്താവിൽ തന്നേ ജീവിക്കുന്നവരും (അപ്പൊ. 17:28) തിരുസന്നിധിയിൽ മദ്ധ്യസ്ഥതയർപ്പിക്കുന്നവരും തന്നെ. നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ എന്നിവരുടെ സമൂഹം വിശുദ്ധന്മാരുടെ സഭയിൽ വസിക്കയും നമുക്കുവേണ്ടി മദ്ധ്യസ്ഥം വഹിക്കയും ചെയ്യുന്നു. അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിപ്പാൻ നാം പ്രാർത്ഥിക്കുമ്പോൾ അവരിൽ പ്രാർത്ഥന നമുക്കു കോട്ടയായിരിപ്പാൻ നാം പ്രാർത്ഥിക്കുമ്പോൾ അവരിൽകൂടി ദൈവാനുഗ്രഹം നാം പ്രാപിക്കുന്നു. ദൈവം തന്റെ വിശുദ്ധന്മാരിലത്രേ മഹത്വപ്പെടുന്നതും (2 തെസ്സ. 1:9).

*തുടരും...*

യാത്രാവിവരണം

# വിശുദ്ധനാട്ടിലൂടെയും വിശുദ്ധഗ്രന്ഥത്തിലൂടെയും

കെ.ഒ. ഫിലിപ്പ്, കൈപ്പട്ടൂർ

കോപ്റ്റിക്ക് സഭക്കും, കത്തോലിക്കാ സഭക്കും ഇവിടെ ഓരോ ത്രോണോസുകൾ വീതമുണ്ട്. ഈ പള്ളിയുടെ പ്രധാന ഹാളിന്റെ നടുവിലായി മാതാവിന്റെ കിണർ എന്നറിയപ്പെടുന്ന ഒരു ചെറിയ കിണർ ഉണ്ട്. ഇതിൽനിന്ന് കോരിയെടുക്കുന്ന വെള്ളമാണ് എല്ലാ സഭക്കാരും, വി. കുർബ്ബാനയ്ക്കായി ഉപയോഗിക്കുന്നത്. തൂക്കുവിളക്കുകളാലും, ചിത്രപണികളാലും അതിമനോഹരമാണ് ഈ ദൈവാലയം.

വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ (ശൂനോയോ-Assumption) ആഗസ്റ്റ് 15-ാം തീയതി സുറിയാനി സഭ ആഘോഷിക്കുന്നു. ഇതിനോടനുബന്ധിച്ച് ആഗസ്റ്റ് 1 മുതൽ 15 വരെ പ്രത്യേക നോമ്പും സുറിയാനി സഭയിൽ ക്രമീകരിച്ചിട്ടുണ്ട്.

**സ്തേഫാനോസിനെ കല്ലേറിഞ്ഞ സ്ഥലം (Stoning place of St. Stephen)**

വി. ദൈവമാതാവിന്റെ കബറിടപ്പള്ളിയിൽ നിന്നും ഞങ്ങൾ യാത്ര പുറപ്പെട്ടത് കോട്ടയാൽ ചുറ്റപ്പെട്ട യെറുശലേം നഗരത്തിലേക്കായിരുന്നു. കബറിടപ്പള്ളിയിൽ നിന്നു1/2 മൈൽ കുത്തനെയുള്ള കയറ്റം കയറി ചെന്നാൽ യെറുശലേം നഗരത്തിന്റെ (കോട്ടയുടെ) ആട്ടുവാതിലിൽ (സിംഹവാതിൽ) എത്തിച്ചേരാം. ക്ഷീണം തീർക്കനായി അല്പസമയം റോഡിനരികിലെ ഉയരം കുറഞ്ഞ മതിലിന്മേൽ കയറിയിരുന്നു. ശെമ്മാശന്മാരിൽ പ്രധാനിയും സഹദേന്മാരിൽ മുമ്പനുമായ സ്തേഫാനോസിനെ കല്ലേറിഞ്ഞ് കൊന്നത് (നടപ്പുകളുടെ പുസ്തകം 7:60) ഞങ്ങൾ ഇരുന്നതിന് എതിർവശത്തു കാണപ്പെടുന്ന സ്ഥലത്തുവെച്ചായിരുന്നു. ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടായിരുന്നു അദ്ദേഹം സാക്ഷിമരണം വരിച്ചത്. ഗ്രീക്കുകാരായ യഹൂദന്മാരുടെ ഇടയിലാണ് മുഖ്യമായും സ്തേഫാനോസ് യേശുവിനെ പ്രസംഗിച്ചത്. സ്തേഫാനോസ് സഹദായുടെ നാമത്തിൽ ഇന്നവിടെ ഒരു ദൈവാലയം ഉണ്ട് (St. Stephen's Church). ദൈവാലയം അടച്ചിട്ടിരുന്നതിനാൽ ഞങ്ങൾക്ക് അവിടെ കയറാൻ സാധിച്ചില്ല. പുനരുത്ഥാനം (Resurrection) ചെയ്ത് കർത്താവ് പിതാവിന്റെ വലതു ഭാഗത്ത് നിൽക്കുന്നത് ആദ്യമായി കണ്ടവനാണ്, പരിശുദ്ധാത്മാവിൽ കൂടി സംസാരിക്കുന്ന സ്തേഫാനോസ് (നടപ്പ് 7:55). ആഗസ്റ്റ് മാസം 2-ാം തീയതി സ്തേഫാനോസിന്റെ ഓർമ്മ സുറിയാനി സഭ ആചരിക്കുന്നു.

"സ്തേഫാനോസിൻ വധനേരത്തേറ്റൊരു പീഡ
കഷ്ടതകൾ ചിന്തിച്ചേൻ ഞാൻ വിസ്മിതനായ് പാരം
കല്ലേറുകൾ ഏല്ക്കുമ്പോഴും പ്രാർത്ഥിച്ചേവം
അറിയാതിവരിതു ചെയ്യുന്നു ക്ഷമ നൽകുക നാഥാ"

സ്തേഫാനോസിനെ കല്ലേറിയുമ്പോൾ തങ്ങളുടെ വസ്ത്രം സൂക്ഷിച്ചുകൊണ്ടിരുന്ന ശൗൽ എന്ന ബാല്യക്കാരൻ (പൗലോസ് ശ്ലീഹാ) ഇരുന്നിരുന്ന സ്ഥലവും ഇവിടെയാണ്. ഞങ്ങൾ അവിടെ നിന്നും ഇടതു വശത്തുകൂടി കുത്തനെയുള്ള കയറ്റം കയറി യെറുശലേം നഗരത്തിന്റെ ആട്ടുവാതിലിൽ എത്തിച്ചേർന്നു.

**യറുശലേം (Jerusalem)**

മോശയുടെ ഒന്നാം പുസ്തകം 14:18-ൽ പറയുന്ന ശാലേം (Salem) ആണ് പിന്നീട് യറുശലേം എന്ന പേരിൽ അറിയപ്പെട്ടത്. ഏതോ ഷാലേമിനോട് ബന്ധപ്പെട്ടായിരിക്കാം ശാലേം എന്ന പേര് വന്നത്. ശാലേം എന്നാൽ സമാധാനം എന്നർത്ഥം (സുറിയാനിയിൽ ശ്ലോമോ - Slomo). സിറിയൻ രേഖകളിൽ ഈ സ്ഥലനാമത്തിന് "ഉറുശലീം" (Ur-Saleim) എന്ന് കാണപ്പെടുന്നു. ക്രിസ്തുവിന് 2000 വർഷം മുമ്പ് അബ്രഹാമിന്റെ കാലത്ത് ഉടലെടുത്ത നഗരമാണിതെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

യറുശലേം മലകളാൽ ചുറ്റപ്പെട്ട് സുരക്ഷിതമായി സമുദ്രനിരപ്പിൽ നിന്ന് 1500 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. യബൂസ്യ ജനവിഭാഗം ഇവിടെ താമസിച്ചിരുന്നതിനാൽ യോബൂസ് (Jebus) എന്നും പറഞ്ഞിരുന്നു (യോശു. 18:28). സീയോൻ എന്നു പറയുന്നതും യറുശലേമിനെപ്പറ്റിത്തന്നെ ബി.സി. 2000-ൽ ഇവിടെ വലിയൊരു ജനസഞ്ചയം ഉണ്ടായിരുന്നതായി കണ്ടെത്തപ്പെട്ടിട്ടുണ്ട്. ബി.സി. 1450-ൽ യറുശലേം രാജാവ് മെസ്രേൻ രാജാവിന് എഴുതിക്കൊടുത്ത ഒരു കട്ടിമൺ പലക ("Ostraca") കണ്ടെത്തിയിട്ടുണ്ട്.

ദാവീദ് യറുശലേം പിടിച്ചെടുത്തതിനുശേഷം "ദാവീദിന്റെ നഗരം" (City of David) എന്നറിയപ്പെടാൻ തുടങ്ങി (2 ശമു. 5:7; 6:12). യറുശലേം കേന്ദ്രമാക്കി ദാവീദ് ഭരണം നടത്തി. നിയമപെട്ടകം (Ark of God) യറുശലേമിൽ കൊണ്ടുവരപ്പെട്ടു (2 ശമു. 6:12). ദൈവത്തിന്റെ ആലയം പണിയുവാൻ ദാവീദ് ആഗ്രഹിച്ചു (2 ശമു. 24:16). ദൈവത്തിന്റെ നഗരത്തിൽ മൃതശരീരം അടക്കപ്പെടരുതെന്ന് ന്യായപ്രമാണത്തിൽ പറയുന്നുണ്ടെങ്കിലും യറുശലേമിൽ തന്നെ ദാവീദിനെ അടക്കം ചെയ്തു. മറ്റനേകം രാജക്കന്മാരെയും പിന്നീട് യറുശലേമിൽ അടക്കിയിട്ടുമുണ്ട്.

*തുടരും...*

# 801 ചിന്തകൾ

മലങ്കര മൽപ്പാൻ ഡോ. കുര്യൻ കോറെപ്പിസ്കോപ്പാ, കണിയാംപറമ്പിൽ

433. റോമാധിപൻ പണ്ട് മുന്നൂറുവർഷം/വെട്ടിക്കൊന്നു ചുട്ടു ക്രൈസ്തവരെ/അവസാനം രാജാവും ക്രിസ്ത്യാനിയായി/ഇന്നു റോം ലോക ക്രൈസ്തവ കേന്ദ്രമല്ലേ?

434. എത്രയെത്ര "ഞാൻമാർ നിനക്കുമുമ്പേ/പരിഹാസ്യരായി പിരിഞ്ഞുപോയി/ഹിറ്റ്ലർ, നെപ്പോളിയൻ, മുസോളിനി/ഒരു കാല "ഞാൻ" മാരെന്ന് നിനക്കറിയാം.

435. ദൈവശുശ്രൂഷ, മനുഷ്യസേവ ചെയ്തവരിന്ന് സമാരാധ്യരാണ്.

436. ആനന്ദം പുറത്തുനിന്നുവരുന്ന ഒന്നല്ല, നിന്നിലുള്ള സമാധാനമാണത്.

437. കർത്താവേ, എന്നിലുള്ള അങ്ങേക്കും എനിക്കും കൂടെ സഹിക്കാവുന്നതല്ലാത്തതൊന്നും എനിക്ക് സംഭവിക്കുകയില്ല.

438. നല്ലകാലത്ത് സന്തോഷിക്കുക, ദുഷ്കാലം സഹിക്കുക. ഇവ രണ്ടും വന്നുപോകുന്നവയത്രേ, എക്കാലവും നിൽക്കുന്നവയല്ല.

439. സ്നേഹംകൊണ്ട് മനസ്സുനിറച്ചാൽ/ഇടമില്ലവിടെ ദ്രോഹത്തിന്

440. എനിക്കെത്രമാത്രം ഉണ്ട് എന്നതല്ല, ഉള്ളതുകൊണ്ട് ഞാൻ എങ്ങനെ പെരുമാറുന്നു എന്നതാണ് പ്രധാനം.

441. തകർന്ന കാല് സുഖപ്പെടുത്തുന്നതിനേക്കാൾ പ്രയാസമാണ് തകർന്ന ഹൃദയത്തിന് ആശ്വാസമേകുന്നത്.

442. വെള്ളത്തിൽ വള്ളം വേണം. വള്ളത്തിൽ വെള്ളം കേറരുത്.

443. കള്ളനും കാവലാളുമൊത്ത് ചേർന്നാൽ/ഉള്ളവന്റെ സ്ഥിതി വെള്ളത്തിലായ്.

444. പൊന്നോടലർജിയുള്ള സ്ത്രീകൾക്ക് പൊന്നിൻ നിറമുള്ള Wrist വേണം.

445. പണത്തിനായല്ല, ഗുണത്തിനായി ജോലി ചെയ്യുക. അപ്പോൾ പണവും ഗുണവും ഗണ്യമായി ഉയരും.

446. എൻ പണം ഇല്ലെങ്കിൽ തൊഴിലെവിടെ?/തൊഴിലാളിയില്ലെങ്കിൽ തൊഴിലെങ്ങനെ?/മുതലാളി-തൊഴിലാളി ഉറ്റ ബന്ധം/തൊഴിൽ ശാലകൾക്കു വിജയമേകും.

447. അഴകുവർദ്ധിപ്പിക്കാനുള്ള മോഹം കഴിവ് വർദ്ധിപ്പിക്കാനും വേണ്ടതല്ലേ?

448. എനിക്കു വേണ്ട വിഭവങ്ങൾ:- മിത്രബാഹുല്യം, ശത്രുരാഹിത്യം, ആരോഗ്യ ശരീരം, അല്ലലില്ലാത്ത മനസ്സ്, അശുദ്ധമാകാത്ത ആത്മാവ്, ഇതെല്ലാം കർത്താവല്ലാതെ ആരുതരും.

449. സൗഭാഗ്യം ബാങ്കിലെ ബാലൻസല്ല-ചങ്കിന്റെ 'ബാലൻസ്' തെറ്റാതിരിക്കലത്രേ.

450. ഇംഗ്ലീഷിലെ I എന്ന അക്ഷരം നടുവെ വെട്ടുന്നതാണ് കുരിശ് + .

451. അശ്ലീലം പറയരുത്, എഴുതരുത്, വേണ്ടാത്തിടതത് പോകരുത്, വേണ്ടാത്തതൊന്നും പറയരുത്, കാണരുത്, എടുക്കരുത്.

452. പാഴ്ചെലവ് കുറയ്ക്കുക-ഭിക്ഷാപാത്രം നിറയ്ക്കുക.

453. വിതയ്ക്കേണ്ട സമയത്ത് വിതയ്ക്കാത്തവൻ കൊയ്യേണ്ട സമയത്ത് 'കൈകെട്ടും.' വിതച്ചവൻ കൈ കൊട്ടും.

454. "എന്നാൽ അസാദ്ധ്യം" ഒരു ഭക്തൻ പറയരുത്. നിന്നിൽ ക്രിസ്തുവുള്ളതിനാൽ നീ സകലത്തിനും പ്രാപ്തനത്രേ.

455. നേരിട്ടറിയാത്തത് പറയരുത്-നേരില്ലാത്ത കാര്യവുമായി കൂട്ടുവേണ്ട.

456. ജനനി, ജനകന്മാർ, 'വീണ്ടും ജനിച്ച' പള്ളി, വിജ്ഞാനമേകിയ ഗുരു, ഉപകാരം ചെയ്യുന്നവർ എന്നിവരെ മറക്കാതെ ജീവിച്ചാൽ ഐശ്വര്യം നിശ്ചയം.

457. വെള്ളത്തിൽ മുഖമെന്നപോലെ/ഉള്ളത്തിൽ ദൈവത്തെ കാൺകവേണം.

458. പള്ളിയിൽ പോകുന്ന ഭക്തരുടെ ഉള്ളിന്റെയുള്ളിൽ വിശുദ്ധിവേണം.

459. 60 വാഗൺ ഭക്ഷ്യവസ്തുക്കളുണ്ടെങ്കിലും-സജീവ എൻജിൻ വലിച്ചില്ലെങ്കിൽ-നിശ്ചലം, നിഷ്ഫലം.

460. സത്യമൊന്നും മറയ്ക്കരുത്/ദൈവത്തെ ദുഷിക്കരുത്-ദാനധർമ്മം കുറയ്ക്കരുത്/സ്നേഹബന്ധം അറക്കരുത്/തിന്മയോടു തോൽക്കരുത്/ആത്മനാശം വരുത്തരുത്.

461. ടാങ്ക് നിറയെ പെട്രോൾ ഉള്ള നല്ല കണ്ടീഷൻ ഉള്ള കാറാണ് ഞാൻ. പക്ഷേ എനിക്കു ചലിക്കണമെങ്കിൽ എന്നെക്കൊണ്ട് വല്ല പ്രയോജനവും ഉണ്ടാകണമെങ്കിൽ വഴി നന്നായി അറിയാവുന്ന, കേടുനീക്കാൻ കഴിവുള്ള-എന്റെ ശക്തി കുറയുമ്പോൾ ബാറ്ററിയും ഇന്ധനവും നൽകുന്ന ഡ്രൈവർ ഉണ്ടെങ്കിലേ എനിക്കു "ജീവനുള്ളൂ." ഞാൻ കർത്താവിന്റെ കാർ-മാതാവിന്റെ പേനാ.

തുടരും...

ധ്യാനപംക്തി

# സ്ളീബായുടെ ശേഷം ഒന്നാം ഞായറാഴ്ച

(ലൂ. 17:20 – 37; മത്തായി. 24:36 – 51; മാർക്കോ. 13:30 – 37)

കോശിയച്ചൻ

ഇന്നത്തെ ഏവൻഗേലിയോൻ വായനയും കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്നു. അതു പെട്ടെന്നുണ്ടാകും. ആകയാൽ നിങ്ങൾ ഉണർന്നിരിപ്പിൻ.

കള്ളൻ ഏത് യാമത്തിൽ വരുമെന്ന് നിശ്ചയമില്ലാത്തതുപോലെയാണ് കർത്താവിന്റെ വരവ്. അർദ്ധരാത്രിയിലോ കോഴി കൂകുമ്പോഴോ ഏതുയാമത്തിൽ വരുമെന്നറിഞ്ഞു കൂടാത്തതിനാൽ ഉണർന്നു കാത്തിരിപ്പിൻ. ലോത്തിന്റെ കാലത്ത് അഗ്നിയും ഗന്ധകവും ഇറങ്ങി സോദോം ഗോമോറാ പട്ടണങ്ങളെ നശിപ്പിച്ചതുപോലെ അത് പെട്ടെന്ന് സംഭവിക്കും. നോഹയുടെ കാലത്ത് ജനങ്ങൾ അശ്രദ്ധരായി തിന്നും കുടിച്ചും ദൈവ ഭയമില്ലാതെ ജീവിച്ചു. പ്രളയം വന്നു പെട്ടെന്നു എല്ലാവരേയും മൂടിക്കളഞ്ഞു. അപ്രകാരം കർത്താവിന്റെ രണ്ടാമത്തെ വരവും പെട്ടെന്ന് സംഭവിക്കും.

ആ സമയത്ത് വയലിൽ നിൽക്കുന്നവൻ തന്റെ വസ്ത്രമെടുക്കാൻ വീട്ടിലേക്ക് തിരിക്കരുത്. പുരപ്പുറത്തിരിക്കുന്നവൻ തന്റെ സാമാന മെടുക്കാൻ അകത്തേക്കിറങ്ങി പോകരുത്. യജമാനൻ വരുമ്പോൾ സന്നദ്ധരായിരിക്കുന്ന ദാസന്മാരെപ്പോലെ നിങ്ങൾ ആയിരിക്കണം. അലസന്മാരായി കണ്ടെത്തപ്പെടരുത്. അർത്ഥ രാത്രിയിൽ മണവാളവൻ വന്നപ്പോൾ വിളക്കിൽ എണ്ണയും ഒഴിച്ച് കാത്തിരുന്ന കന്യകമാരേപ്പോലെ നമ്മൾ സുകൃതങ്ങളാകുന്ന എണ്ണയൊഴിച്ച് നമ്മുടെ ആത്മാക്കളാകുന്ന വിളക്കുതെളിച്ച് മണവാളനാകുന്ന കർത്താവിനെ എതിരേല്ക്കാൻ കാത്തിരിക്കണം. അപ്രകാരം ഒരുക്കമുള്ള ദാസന്മാരെപ്പോലെയും ബുദ്ധിയുള്ള കന്യകമാരേപ്പോലെയും നാം ആകണം.

ബുദ്ധിയില്ലാത്ത കന്യകമാരേപ്പോലെ നമ്മൾ ആയിരിക്കരുത്. തന്റെ യജമാനൻ വരാൻ താമസമുണ്ട്, എന്ന് പറഞ്ഞ് തന്റെ കൂട്ടുകാരെ തല്ലുവാനും അടിക്കുവാനും, മദ്യപന്മാരോടുകൂടെ തിന്നു കുടിക്കുവാനും തുടങ്ങിയ ദാസനേപ്പോലെ നമ്മൾ ആകരുത്.

അവസാന നാളിൽ കർത്താവ് വരുമ്പോൾ ചിലരെ തന്റെ കൂടെ സ്വീകരിച്ചുകൊണ്ടു പോകും, ചിലർ ഉപേക്ഷിക്കപ്പെടും. രണ്ടുസ്ത്രീകൾ ഒരു തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും. ഒരാൾ എടുക്കപ്പെടും മറ്റവൾ ഉപേക്ഷിക്കപ്പെടും. രണ്ടുപേർ ഒരു കട്ടിലിൽ കിടക്കും ഒരുത്തൻ എടുക്കപ്പെടും മറ്റവൻ ഉപേക്ഷിക്കപ്പെടും.

ആ നാളിനേക്കുറിച്ചോ നാഴികയേക്കുറിച്ചോ ആരും അറിയുന്നില്ല. സ്വർഗ്ഗത്തിലെ ദൂതന്മാർ പോലും അറിയുന്നില്ല. മനുഷ്യപുത്രനും അറിയുന്നില്ല. സ്വർഗ്ഗത്തിലെ പിതാവല്ലാതെ ആരുമറിയുന്നില്ല. എന്നാൽ അതിന്റെ സൂചനകളും മുൻകുറികളും കാണുമ്പോൾ നമ്മൾ ഗ്രഹിക്കണം. അത്തി തളിർക്കുമ്പോൾ വേനൽ വരുമെന്ന് പറയുന്നതുപോലെ ആ കാലത്തിന്റെ ലക്ഷണങ്ങൾ കണ്ടു നമ്മൾ തിരിച്ചറിയണം. അസ്തമനത്തിങ്കൽ ആകാശം ചുമന്നിരുന്നാൽ പിറ്റേ ദിവസം വെയിലായിരിക്കുമെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമല്ലോ. അതുപോലെ ആ നാളിനേക്കുറിച്ചും നിങ്ങൾ ഗ്രഹിച്ചുകൊള്ളണം.

കർത്താവ് വരുന്നതെപ്പോഴെന്നോ നമ്മുടെ മരണമെപ്പോഴെന്നോ നിശ്ചയമില്ലാത്തതിനാൽ നമ്മുടെ ജീവിതം ദൈവഹിതപ്രകാരം ക്രമീകരിച്ച് നമ്മൾ ജീവിക്കണം. ജീവിതത്തിൽ കുടിശികകളായി പാപങ്ങളും, തെറ്റുകളും, വഴക്കും, അധർമ്മവും കാണരുത്. എത്രയും നേരത്തെ ഓരോരുത്തരും താന്താന്റെ പാപങ്ങളേക്കുറിച്ച് അനുതപിക്കയും വഴക്കുകൾ പറഞ്ഞു തീർക്കുകയും ഏറ്റു പറഞ്ഞു പാപമോചനം പ്രാപിച്ച് ഒരുങ്ങിയിരിക്കയും വേണം. കർത്താവ് രണ്ടാമത് വരാൻ താമസമുണ്ട്. അതിനകം ഒരുങ്ങിക്കൊള്ളാമെന്നോ, എനിക്ക് ആയുസ്സ് ഇനിയും ധാരാളമുണ്ട്. അതിനകം ഒരുങ്ങിക്കൊള്ളാമെന്നോ, എനിക്ക് ആയുസ്സ് ഇനിയും ധാരാളമുണ്ട്, അതിനകം ഒരുങ്ങിക്കൊള്ളാമെന്നോ ചിന്തിച്ച് ജീവിതം ക്രമക്കേടായും അലക്ഷ്യമായും ഉള്ളവർ, കർത്താവ് വരുമ്പോൾ പരിഭ്രാന്തരായി പരക്കം പായും! അന്നു കൂട്ടുകാരന് നിന്നെ സഹായിപ്പാൻ കഴികയില്ല. നീ സമ്പാദിച്ചത് മുഴുവനും നിന്നെ സഹായിപ്പാൻ കഴികയില്ല. ബന്ധുമിത്രാദികൾക്ക് നിന്നെ തുണപ്പാൻ കഴിയുകയില്ല. കുന്നുകളെ ഞങ്ങളെ മൂടിക്കൊള്ളുവിൻ എന്നോ മലകളേ ഞങ്ങളെ മറച്ചു കൊള്ളുവീൻ എന്നോ പറഞ്ഞാൽ ഫലമുണ്ടാകുയില്ല. കർത്താവിന്റെ മഹത്വപ്രകാരം ഉദിക്കുമ്പോൾ പലർക്കും അതിന്റെ മുമ്പിൽ നിൽപ്പാൻ സാധ്യമല്ലാതെ വരും, അതുകൊണ്ട് അവർ അപ്രകാരം നിലവിളിച്ചേക്കും.

അവനവന്റെ പുണ്യപ്രവർത്തികളും, അനുതാപവും, ഉപവാസവും, നോമ്പും, ദാനധർമ്മങ്ങളും മറ്റുള്ളവർക്ക് വേണ്ടി ചെയ്ത നിസ്വാർത്ഥ സേവനങ്ങളും നമ്മൾ കൈകൊണ്ട വിശുദ്ധ കൂദാശകളാകുന്ന മാമോദീസായും, വി. കുർബ്ബാനയും നമുക്ക് അന്ന് തുണയും സ്വർഗ്ഗത്തിലേക്കുള്ള കപ്പലും ആയിത്തീരും.

ആകയാൽ പകലുള്ളപ്പോൾ ജോലി ചെയ്തു കൊള്ളണം, രാത്രിവരും, അപ്പോൾ ജോലി ചെയ്‌വാൻ സാദ്ധ്യമല്ലാതെ വരും. ജാഗ്രതയുള്ളവരായിരിപ്പിൻ ഉത്സാഹമുള്ളവരായിരിപ്പിൻ ഒരുക്കത്തോടിരിപ്പിൻ.

മനുഷ്യപുത്രനുപോലും ആ നാളിനേക്കുറിച്ചറിഞ്ഞുകൂടായെന്നു പറഞ്ഞിട്ടുണ്ടല്ലോ. അതിന് പണ്ഡിതനും പരിശുദ്ധനുമായ ബാർ എബ്രായാ വ്യാഖ്യാനം പറഞ്ഞിരിക്കുന്നതും, മനുഷ്യൻ എന്ന നിലയിൽ കർത്താവിനറിഞ്ഞു കൂടായെന്നാണ്; എന്നാൽ ദൈവമെന്ന നിലയിൽ സർവ്വവും തനിക്കറിയാംതാനും.

# പരിശുദ്ധ ദൈവമാതാവ് അന്ത്യോഖ്യൻ ആരാധനാ പാരമ്പര്യത്തിൽ

(യൗസേബിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത തൃശ്ശൂർ ഭദ്രാസനം)

പരിശുദ്ധ ദൈവമാതാവിനോട് അനിതര സാധാരണമായ ഭക്തി നിറഞ്ഞുനിൽക്കുന്ന ആരാധനാക്രമമാണ് അന്ത്യോഖ്യൻ ആരാധനാക്രമം. വചനമായ പുത്രൻ തമ്പുരാനെ പ്രസവിച്ച മാതാവ് ലോകത്തിന്റെ മുഴുവന്റേയും മാതാവാണ്. വി.സഭ കർത്താവിന്റെ മനുഷ്യനാകാശത്തിന്റെ തുടർച്ചയാകയാൽ ദൈവമാതാവ് സഭയുടെയും മാതാവാണ്. അതിനാൽ അന്ത്യോഖ്യൻ ആരാധനയിൽ പരിശുദ്ധ ദൈവമാതാവിന് അതുല്യമായ സ്ഥാനമുണ്ട്.

സുറിയാനി സഭാ പാരമ്പര്യത്തിൽ പരിശുദ്ധ ദൈവമാതാവിനെ വിളിക്കുവാൻ രണ്ട് പദങ്ങൾ ആണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഏമോ ദാലോഹോ (ദൈവമാതാവ്) യെൽദാസ് ദാലോഹോ (ദൈവത്തെ പ്രസവിച്ചവൾ) എന്നിവയാണ് അവ. എല്ലാ പ്രാർത്ഥനകളും, ശുശ്രൂഷകളും അവസാനിക്കുന്നത് പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥം യാചിച്ചുകൊണ്ടാണ്. എല്ലാ ശുശ്രൂഷകളിലും മാതാവും സ്ലീബായും പ്രത്യേകം അനുസ്മരിക്കപ്പെടുന്നു. കാരണം പരിശുദ്ധ ദൈവമാതാവും സ്ലീബായും യേശുവിനെ വഹിച്ച രണ്ടു ഘടകങ്ങൾ ആണ്.

പരിശുദ്ധ ദൈവമാതാവിനെ സ്തുതിച്ചുകൊണ്ടും അതോടൊപ്പം അവളുടെ മധ്യസ്ഥത യാചിച്ചുകൊണ്ടും പരിശുദ്ധാത്മ പ്രേരിതരായ പിതാക്കന്മാരാൽ രചിക്കപ്പെട്ട മനോഹരങ്ങളായ പ്രാർത്ഥനകളാലും അർത്ഥസമ്പുഷ്ടമായ ഗാനങ്ങളാലും അലംകൃതമാണ് സുറിയാനി ആരാധനാക്രമം.

സുറിയാനി സഭാ ദർശനം അനുസരിച്ച് ദൈവാലയ കൂദാശയിൽ പ്രധാന ത്രോണോസ് ഏത് വിരുദ്ധന്റെയോ, ശുദ്ധിമതിയുടെയോ നാമത്തിലാണ് പ്രതിഷ്ഠിക്കുന്നത് എങ്കിലും ആദ്യമായി അത്രോണോസ് വി. ദൈവമാതാവിനാണ് സമർപ്പിക്കുന്നത്. യേശുക്രിസ്തു കഴിഞ്ഞാൽ പിന്നെ വിശുദ്ധിയുടെ അത്യുന്നസ്ഥാനത്ത് പരിശുദ്ധ ദൈവമാതാവ് നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യത്തിന്റെ സാക്ഷ്യമാണ് ഇത്. വി. കുർബ്ബാനയിൽ രഹസ്യശുശ്രൂഷയിലും, പരസ്യ ശുശ്രൂഷയിലും മാതാവ് അനുസ്മരിക്കപ്പെടുന്നു. വി. ശോശാപ്പയും, ധൂപക്കുറ്റിയും മ

മാതാവിന്റെ പ്രതീകങ്ങളാണ്. എല്ലാ യാമപ്രാർത്ഥനകലും അവളുടെ ഓർമ്മയാൽ ധന്യമാണ്. വിശുദ്ധ കുർബ്ബാനയിൽ "നിന്നെ പ്രസവിച്ച മറിയയായും നിനക്ക് മാമോദീസ നൽകിയ യൂഹാനോനും ഞങ്ങൽക്കുവേണ്ടി നിന്നോട് അപേക്ഷിക്കും" എന്നു ചൊല്ലിക്കൊണ്ടാണ് ത്രോണോസ് ചുറ്റുന്നത്. ഇവിടെ വിശുദ്ധന്മാരുടെ സംസർഗ്ഗത്തിലും കൂട്ടായ്മയിലും ഉള്ള നമ്മുടെ വിശ്വാസം നാം ഉറപ്പിച്ചു പ്രഖ്യാപിക്കുകയാണ്.

യേശുവിനെ കൈകളിൽ ഏന്തി നിൽക്കുന്ന ചിത്രമാണ് നമ്മുടെ പള്ളികളിൽ സ്ഥാപിച്ചിരിക്കുന്നത്. യേശുവിനെ കൂടാതെയുള്ള മാതാവിന്റെ ചിത്രം പൗരസ്ത്യസഭ സ്വീകരിക്കുന്നില്ല. കാരണം യേശുക്രിസ്തുവിനെ കൂടാതെ മാതാവിന് പ്രസക്തിയില്ല. അതിനാൽ യേശുവിനെ കൈകളിൽ ഏന്തി നില്ക്കുന്ന ദൈവമാതാവിന്റെ ചിത്രമാണ് നാം ഉപയോഗിക്കുന്നത്. ഇന്ന് മാതാവിനെ കുറിക്കുവാൻ ധാരാളം പേരുകൾ ഉപയോഗിക്കുന്നു. എങ്കിലും പരി. സഭയിൽ ദൈവമാതാവ് എന്ന പദത്തിനാണ് പ്രാധാന്യം. കാരണം ഈ പേരിനോട് തുലനം ചെയ്യുവാൻ വേറൊരു നാമം ഇല്ല.

പരി.സഭയിൽ ബുധനാഴ്ച ദൈവമാതാവിന്റെ ബഹുമാനത്തിനായി മാറ്റിവച്ചിരിക്കുന്നു. ദൈവമാതാവിനോടുള്ള അറിയിപ്പ് ഒരു ബുധനാഴ്ച ആയിരുന്നു എന്ന് സഭാ പാരമ്പര്യം പറയുന്നു. മനുഷ്യരക്ഷയുടെ സംവിധാനത്തിൽ ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമിനുള്ള സ്ഥാനത്തേയും യേശുക്രിസ്തുവിന്റേയും അവനിലൂടെ എല്ലാ വിശ്വാസികളുടെയും മാതാവ് എന്ന നിലയിലുള്ള അവളുടെ ദിവ്യമാതൃത്വത്തെയും കുറിച്ച് ചിന്തിക്കുന്നതിന് ഓരോ ബുധനാഴ്ചയും നമ്മെ ആഹ്വാനം ചെയ്യുന്നു.

അന്ത്യോഖ്യൻ ആരാധനയിൽ പരിശുദ്ധ ദൈവമാതാവിനെ സാക്ഷ്യപ്പെട്ടകവുമായി ഉപമിച്ചിരിക്കുന്നു. എന്താണ് സാക്ഷ്യപെട്ടകത്തിന്റെ പ്രത്യേകത. ഇസ്രായേൽ ജനം സമാഗമനകൂടാരത്തിൽ തിരശീലയ്ക്കു ചിറകിൽ സൂക്ഷിച്ചിരുന്ന പേടകമാണ് സാക്ഷ്യപെട്ടകം. നാല് അടി നീളവും രണ്ടര അടി വീതവും, രണ്ടര അടി പൊക്കവും ഉള്ള ഈ പെട്ടി ഖദിമരം കൊണ്ട് പൊതിഞ്ഞിരുന്നു. നാലു തണ്ടുകളാൽ നിയമപെട്ടകം പുരോഹിതന്മാരാൽ വഹിച്ചിരുന്നു. യഹോവയുടെ മൂന്ന് സാക്ഷ്യങ്ങൾ വയ്ക്കുവാൻ ദൈവം തന്നെ മോശയോട് അരുളിചെയ്ത് നിർമ്മിച്ചതാണ് സാക്ഷ്യപെട്ടകം. ഇതിൽ ദൈവമാതാവിന്റെ മൂന്ന് സാക്ഷ്യങ്ങൾ വച്ചിരുന്നു. 1) കല്പനകൾ 2) മന്ന 3) അഹറോന്റെ തളിർത്ത വടി കല്പനകൾ: ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയുടെ സാക്ഷ്യമാണ്.

മന്ന: ജീവന്റെ സാക്ഷ്യമാണ്

അഹറോന്റെ തളിർത്ത വടി: പൗരോഹിത്യത്തിന്റെ സാക്ഷ്യമാണ്.

ഈ മൂന്ന് സാക്ഷ്യങ്ങളും യേശുക്രിസ്തുവാകുന്ന സാക്ഷ്യത്തിൽ എത്തിച്ചേരുന്നു. ദൈവത്തിന്റെ വചനമാണ് യേസുക്രിസ്തു. മന്ന – യേശുക്രിസ്തു നിത്യ

# അഭി. മാത്യൂസ് മാർ തേവോദോസിയോസിനു

## മാതൃഇടവകയിൽ സ്വീകരണം



കൊല്ലം ഭദ്രാസന സഹായ മെത്രാപ്പോലീത്ത ആയശേഷം ആദ്യമായി മാതൃഇടവകയായ കൂടൽ സെന്റ് പോൾസ് പള്ളിയിൽ എത്തിയ അഭി. മാത്യൂസ് മാർ തേവോദിസിയോസിനെ പള്ളി ട്രസ്റ്റിയും, കൊല്ലം ഭദ്രാസന കൗൺസിൽ മെംമ്പറുമായ അജു പി. തോമസ് മാലയിട്ട് പള്ളിയിലേക്ക് സ്വീകരിച്ചാനയിക്കുന്നു.

**കൂടൽ** സെന്റ് പോൾസ് പള്ളി ഈ പ്രദേശത്തെ യാക്കോബായ വിശ്വാസികളുടെ ഏറ്റവും പഴയ പള്ളിയായിരുന്നു. എന്നാൽ അധികാരസ്വാധീനവും, പണത്തിന്റെ പിൻബലവും ഉപയോഗിച്ച് എതിർ പക്ഷം കൈവശപ്പെടുത്തിയപ്പോൾ സത്യവിശ്വാസികൾ മാത്രം ചേർന്ന് ആ പഴയ പള്ളിയുടെ സമീപത്ത് പറമ്പിൽ റവ. ഫാ. പി.റ്റി. കോശി അച്ചന്റെ നേതൃത്വത്തിൽ സ്വന്തമായി വസ്തുവിലയ്ക്കുവാങ്ങി പുതിയ പള്ളി പണിഞ്ഞു. ഈ ന്യൂനപക്ഷത്തിൽ നിന്നും ദൈവം ഒരു മേല്പട്ടക്കാരനെ തിരഞ്ഞെടുത്തു. അത് ഈ ഇടവകയിലെ അംഗങ്ങളുടെ ആത്മാർത്ഥമായുള്ള സഭയോടുള്ള കൂറിന്റെ അംഗീകാരമായി കാണുന്നു. അതോടൊപ്പം അഭി. മാത്യുസ് മാർ തോവോദോസിയോസ് തിരുമേനിയുടെ സത്യസന്ധമായ പ്രവർത്തനവും, സഭയോടുള്ള കൂറും, അതിലുപരി ആത്മീയകാര്യങ്ങളിൽ കർക്കസണായ നിലപാടും ആണ്.

അഭി. തിരുമേനി സഹായ മെത്രാപ്പോലീത്തയായതിനുശേഷം മാതൃഇടവകയിൽ ആദ്യമായി എത്തിയപ്പോൾ ഈ പ്രദേശവാസികളും കൂടൽ സെന്റ് ജോർജ്ജ് ഇടവകക്കാരും, ഇതരസഭക്കാരും ചേർന്ന് സ്വീകരിച്ചു. സ്വീകരണ പരിപാടികൾക്ക് പള്ളി ട്രസ്റ്റിയും കൊല്ലം ഭദ്രാസന കൗൺസിൽ മെമ്പറുമായ അജു പി. തോമസ് പറമ്പിൽ, ടി.വി. ശമുവേൽ, ജോഷ്വാ തുടങ്ങിയവർ നേതൃത്വം നൽകി. അഭി. മാത്യൂസ് മാർ തേവോദോസിയിസ് തിരുമേനി മറുപടി പ്രസംഗം നടത്തി.

ജീവന്റെ അപ്പമാണ്. അഹറോന്റെ തളിർത്ത വടി നിത്യപുരോഹിതനായ യേശുവിന്റെ സാക്ഷ്യമാണ്. ഈ മൂന്ന് സാക്ഷ്യങ്ങളാകുന്ന യേശുവിനെ വഹിച്ച പെട്ടിയാണ് മറിയം. അതിനാൽ മരിയത്തെ സാക്ഷ്യപ്പെട്ടകമായി പിതാക്കന്മാർ ചിത്രീകരിക്കുന്നു. നാലു തണ്ടുകളാൽ നിയമപെട്ടകം പുരോഹിതന്മാരാൽ വഹിച്ചതുപോലെ നാലു സുവിശേഷങ്ങളാലും മറിയം പുകഴ്ത്തപ്പെടുന്നു. പുരോഹിതന്മാരാൽ പെട്ടകം സംരക്ഷിക്കപ്പെട്ടതുപോലെ പരി.കന്യകാമറിയം ദൈവാലയത്തിൽ പുരോഹിതന്മാരാൽ സംരക്ഷിക്കപ്പെടുന്നു.

ക്രിസ്തു ദൈവത്തിന്റെ അതുല്യ സാക്ഷിയാണ്. അവൾ "എസെക്കിയേൽ കണ്ട രഥത്തേക്കാൾ ശ്രേഷ്ഠതയുള്ളവളായിത്തീർന്ന ദൈവമാതാവായ മറിയാമിന്റെ പുകഴ്ചകളെ വർണ്ണിക്കുവാൻ കഴിവുള്ള ബോധമോ, നാവോ ഏതാകുന്നു? ക്രൂബേന്മാരാൽ വന്ദിക്കപ്പെടുന്നവനെ ശരീരത്തോടും കൂടി അവൾ വഹിച്ചു. അവൽ രണ്ടാമത്തെ ആകാശമായി തീർന്നു. നീതിയുടെ സൂര്യനെ ആഘോഷിച്ചു. നിർമ്മലരോമക്കെട്ടായ അവൾ സ്വർഗ്ഗീയ മഴയെ സ്വീകരിച്ചു. കന്യകാമാതാവായ അവൾ ശരീരിയായി തീർന്ന ദൈവത്തെ പ്രസവിച്ചു. തന്റെ ഉള്ളം കൈയ്യിൽ സൃഷ്ടിയെ വഹിച്ചിരുന്നവനെ കൈകളിൽ ആഘോഷിക്കയും തന്റെ ആംഗ്യത്താൽ ഉറവകൾ ഒഴുകുന്നവനെ മുലപ്പാൽ കുടിപ്പിക്കുകയും ചെയ്തവൾക്ക് ഭാഗ്യം"

(പരിശുദ്ധ ദൈവമാതാവിന്റെ പെരുന്നാളിലെ പെങ്കീസാ സഭാ നമസ്കാരക്രമം പ്രഭാത നമസ്ക്കാരം സെദറ) അന്ത്യോഖ്യൻ ആരാധനയിൽ പരിശുദ്ധ ദൈവമാതാവിന് അത്യുന്നതമായസ്ഥാനം നൽകിയിരിക്കുന്നു.

മറിയത്തെപ്പോലെ ഉയർത്തപ്പെട്ടവരായി ആരുമില്ല മറിയത്തെപ്പോലെ താഴ്ത്തപ്പെട്ടവരായും ആരുമില്ല. അവൾ മാനവരാശി മുഴുവന്റേയും മാതാവാണ്. അതിനാൽ പരിശുദ്ധ സഭ മറിയാമിനോടുകൂടെയാണ് യാത്ര ചെയ്യുന്നത്.

# മണർകാട് ടൂറിസം തീർത്ഥാടന കേന്ദ്രമാക്കും: കോടിയേരി

മണർകാട്: സർക്കാരിന്റെ പദ്ധതിയിലുൾപ്പെടുത്തി മണർകാട് പള്ളിയെ പ്രമുഖ ടൂറിസം തീർത്ഥാടന കേന്ദ്രമാക്കി മാറ്റുമെന്നു മന്ത്രി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. മണർകാട് പള്ളിയിലെ എട്ടുനോമ്പാചരണത്തോട് അനുബന്ധിച്ചു നടന്ന സാംസ്കാരിക സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പിൽഗ്രിംകാർട്ടേഴസിന്റെ ശിലാസ്ഥാപനവും അദ്ദേ ഹം നിർവ്വഹിച്ചു.

സംസ്ഥാനത്തെ പ്രധാന തീർ ത്ഥാടന കേന്ദ്രങ്ങളിൽ തീർത്ഥാടക ടൂറിസം വളർത്തിയെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കും. പശ്ചാത്തല സൗകര്യം വികസിപ്പിച്ചു ടൂറിസം വളർത്തിയെടുക്കാനാണ് ഉദ്ദേശിക്കുന്നത്. വിവിധ വിഭാഗങ്ങളിൽപ്പെട്ടവരുടെ തീർത്ഥാടന കേന്ദ്രങ്ങൾ ജില്ലയിലുണ്ട്. കോട്ടയത്തെ ഒരു ടൂറിസ്റ്റ് സർക്യൂട്ട് ആക്കി അനുവദിക്കാൻ കേന്ദ്ര സർക്കാരിനു പദ്ധതി സമർപ്പിക്കുമെന്നും കോടിയേരി പറഞ്ഞു. പൊതുസമ്മേളനം ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ ഉദ്ഘാടനം ചെയ്തു. തോമസ് മാർ തിമോത്തിയോസ് അധ്യക്ഷത വഹിച്ചു. ആധ്യാത്മിക പ്രചോദനം നൽകുന്നതിനോടൊപ്പം മണർകാട് ഈടവക സമൂഹിക സേവനരംഗത്തു നടത്തുന്ന പ്രവർത്തനങ്ങൾ മഹത്തരമാണെന്നു സേവകാസംഘം വികലാംഗർക്കു നൽകുന്ന സൈക്കിൾ വിതരണ ചടങ്ങ് ഉദ്ഘാടനം ചെയ്തു പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി പറഞ്ഞു.

വയോജന സംഘടനയിലെയും വനിതാ സമാജത്തിലെയും മുതിർന്ന അംഗങ്ങളെ ആദരിച്ചു. നവാഭിഷിക്തരായ മെത്രാപ്പോലീത്തമാർക്ക് സ്വീകരണവും നൽകി. ജില്ലാ കലക്ടർ രാജു നാരായണസ്വാമി, മാത്യൂസ് മാർ തേവോദോസിയോസ്, മാത്യൂസ് മാർ അത്തപ്രേം, പത്രോസ് മാർ ഒസ്താത്തിയോസ്, കുറിയാക്കോസ് മാർ യൗസേബിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, മർക്കോസ് മാർ ക്രിസോസ്റ്റമോസ്, വി.എൻ. വാസവൻ എം.എൽ.എ., വികാരി മാത്യു പി. ഏലിയാസ് പഴയിടത്തുവലയിൽ കോർ എപ്പിസ്ക്കോപ്പ, ഭദ്രാസന സെക്രട്ടറി കുറിയാക്കോസ് കോർ എപ്പിസ്കോപ്പ, ഇ.ടി. കുര്യാക്കോസ്കോർ എപ്പിസ്കോപ്പ, പള്ളി സെക്രട്ടറി സന്ദീപ് ജാർജ്ജ് പറമ്പുകര എന്നിവർ പ്രസംഗിച്ചു.

## മാഷ്



"കള്ള ക്രിസ്തു ആരാണ് മാഷേ"?

"പിതാവിനേയും പുത്രനേയും നിഷേധിക്കുന്നവൻ തന്നെ എതിർക്രിസ്തു."

(1 യോഹ. 2:22)

# എ.എൽ.ഐ. കേരള ചാപ്റ്റർ ഉദ്ഘാടനം

തിരുവനന്തപുരം: സമൂഹത്തിന് ദൈവ സ്നേഹത്തിൽ പൂർണ്ണമായി വളരണമെങ്കിൽ മനുഷ്യ ബന്ധങ്ങൾ കൂടുതൽ ശക്തമാക്കേണ്ടത് ആവശ്യമാണെന്ന് പൗരസ്ത്യ സുവിശേഷ സമാജം സഹായ മെത്രാപ്പോലീത്ത മർക്കോസ് മാർ ക്രിസോസ്റ്റമോസ് അഭിപ്രായപ്പെട്ടു. എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് ഈ കാര്യത്തിൽ വലിയ പങ്കു നിർവഹിക്കാനാകുമെന്നു മെത്രാപ്പോലീത്ത പ്രസ്താവിച്ചു. ഇന്റർ ഡിനോമിനേഷൻ എക്യുമെനിക്കൽ പ്രസ്ഥാനമായ എബണ്ടന്റ് ലൈഫ് ഇന്ത്യയുടെ കേരള ചാപ്റ്റൽ തിരുവനന്തപുരത്തു നടന്ന പ്രത്യേക ചടങ്ങിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മെത്രാപ്പോലീത്ത.



പ്രസിഡന്റ് ഷെവ. കോശി എം. ജോർജ്ജ് അദ്ധ്യക്ഷനായിരുന്നു. ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷനംഗം റവ. വൽസൻ തമ്പു മുഖ്യ പ്രഭാഷണം നടത്തി. സെന്റ് പീറ്റേഴ്സ് സിംഹാസനപള്ളി വികാരി. ഫാ. സി. ജോർജ്ജ് എള്ളുവിള, വൈ.എം.സി.എ, വൈ.ഡബ്ല്യൂ.സി.എ, യു.സി.എം, കെ.സി.സി. ഭാരവാഹികൾ, സെക്രട്ടറി എം.ജി. ജെയിംസ് തുടങ്ങിയവർ സംബന്ധിച്ചു.

# തിരുവല്ലായുടെ ദത്തുപുത്രനു യാത്രയയപ്പ്

തിരുവല്ലായുടെ അദ്ധ്യാത്മീക മണ്ഡലത്തിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും തിരുവല്ലായുടെ അരുമപുത്രനായി തീരുകയും മലങ്കരയുടെയും തിരുവല്ലായുടെയും ആത്മീയപിതാവായി മാറുകയും ചെയ്ത എറണാകുളം ജില്ലയിലെ കാഞ്ഞിരമറ്റം സ്വദേശിയും പുരാതനമായ കണിയാമ്പറമ്പിൽ കുടംബാംഗവുമായ മലങ്കര മല്പാൻ ഡോ.കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പാ സ്വദേശത്തേക്കു മടങ്ങുന്നു, തന്റെ സ്വന്തം ഇടവകയായ കാഞ്ഞിരമറ്റം മാർ ഇഗ്നാത്തിയോസ് യാക്കോബായ പള്ളിയിലും സ്വന്തം തറവാട്ടിലും ശിഷ്ടകാലം കഴിക്കണമെന്നാഗ്രഹത്തിലാണ് 94-കാരനായ വന്ദ്യ അച്ചൻ മടങ്ങുന്നത്. കഴിഞ്ഞ കുറെ ദിവസങ്ങളായി അനാരോഗ്യത്തിലാണ് ബഹു. അച്ചൻ. ഭാര്യ അമ്മിണി രോഗാവസ്ഥയിലും ബലഹീനതയിലും തന്മൂലം മകളുടെ ശുശ്രൂഷയും സാന്നിദ്ധ്യവും താങ്ങും ഒഴിച്ചുകൂടാൻ വയ്യാത്ത അവസ്ഥയിലുമാണ്.

കുറെ വർഷങ്ങളായി ആത്മീയ ശുശ്രൂഷകൾക്ക് ഫാ. ഫിലിപ് കുന്നന്താനത്തിനെ തന്റെ സഹായിയായി വെച്ചിരുന്നു. ഇപ്പോൾ ഫാ. ജെറികുര്യൻ കോടിയാട്ടിനെ പിൻഗാമിയായി ലഭിച്ചത് വിടവാങ്ങലിന് അച്ചന് ആശ്വാസമായി. തിരുവല്ലാ സെന്റ് ജോർജ്ജ് സിംഹാസനപള്ളിയെ അനാഥമാക്കാതെയാണ് യാത്രയാകുന്നതെന്ന സംതൃപ്തി അദ്ദേഹത്തിനുണ്ട്. കഴിഞ്ഞ 75 വർഷങ്ങളിലധികമായി തിരുവല്ലായുടെ നഭോമണ്ഡലത്തിൽ ആദ്ധ്യാത്മിക ചൈതന്യം വീശുകയും വിവിധ സഭകൾക്കും നാനാജാതിമതസ്ഥർക്കും ആദരണീയനാകുകയും ആദ്ധ്യാത്മിക ശുശ്രൂഷയിലെ അവസാനവാക്കായി മാറുകയും ചെയ്തിട്ടുള്ള വന്ദ്യഅച്ചൻ 90-ഓളം ഗ്രന്ഥങ്ങൾ രചിച്ചു. വി. വേദപുസ്തകം പ്ശീത്താ സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് തർജ്ജമ ചെയ്തു. സ്ലീബായുടെ പ്രഭാത-സന്ധ്യാനമസ്ക്കാരങ്ങൾ രചിച്ചു. മാതൃഭക്തനായ അച്ചൻ വി.ദൈവമാതാവിന്റെ മദ്ധ്യസ്ത പ്രാർത്ഥന ആദ്യമായി പുസ്തകരൂപത്തിലാക്കുകയും ഏതാണ്ട് 25 ലക്ഷത്തിൽപരം കോപ്പികൾ വിറ്റഴിക്കുകയും ഇപ്പോഴും വിറ്റുകൊണ്ടിരിക്കുകയും ചെയ്യുന്നു. സഭാചരിത്രത്തിലും കാനോനിലും അവസാന വാക്കായ അച്ചൻ സഭാചരിത്രം ആധികാരികമായി രചിച്ചുവെന്നു മാത്രമല്ല, സഭ കോടതിയിൽ മാസങ്ങളോളം സഭാകേസിലെ സാക്ഷിയായി വിസ്താരത്തെ നേരിടുകയുണ്ടായി.

മാർത്തോമ്മാസഭയുടെ ആരാധനാക്രമങ്ങൾ ക്രോഡീകരിക്കുന്നതിൽ അഭി.തീത്തൊസ് തിരുമേനിയോടും വന്ദ്യ. ഏബ്രഹാം മല്പാനോടുമൊപ്പവും മലങ്കര കത്തോലിക്കാ റീത്തിന്റെ ആരാധനാ ക്രമീകരിക്കുന്നതിൽ അഭി. മാർ ഈവാനിയോസ്, മാർ. തെയോഫീലോസ് എന്നിവരോടൊപ്പവും വന്ദ്യ കണിയാമ്പറമ്പിലച്ചൻ വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്.

അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളിയ നാലു പാത്രിയാർക്കീസന്മാരുടെ സ്നേഹാദരവു കരസ്ഥമാക്കിയ അച്ചൻ ഒരു സുറിയാനിഭാഷാ പണ്ഡിതനും കേരളാ-എം.ജി യൂണിവേഴ്സിറ്റികളിലെ സിറിയക് അക്കാദമിക് കൗൺസിലംഗവും പരീക്ഷാ കമ്മറ്റിയംഗവുമായി പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ സഭയുടെ വൈദീകട്രസ്റ്റിയാണ്. കടപ്പുറം സെന്റ് ജോർജ്ജ് പള്ളിയിലെ വികാരിയായി തിരുവല്ലായിലേക്ക് കാലുകുത്തിയ അച്ചന് അനേകരുടെ ആത്മീയ പിതാവായി തീരുവാനുള്ള ഭാഗ്യം ലഭിച്ചു. പിന്നീട് സിംഹാസനപ്പള്ളിയുടെ വികാരിയായി സ്വയം മാറുകയായിരുന്നു. രണ്ടു പെൺമക്കളാണ് അച്ചനുള്ളത്. അമ്മായിയുടെ വിനയവും ദൈവഭക്തിയും പരിചരണവും ആതിഥ്യമര്യാദയും അച്ചന് ഉയരങ്ങളിലെത്താൻ സഹായകമായി. മലങ്കരയിലെ വൈദീകർക്കും ആത്മീയ പഠിതാക്കൾക്കും അവസാനവാക്കായ അച്ചന്റെ തിരുവല്ലായിൽനിന്നുള്ള യാത്ര ഇന്നാട്ടുകാർക്കും തെക്കൻ ഭദ്രാസനത്തിലെ അന്ത്യോഖ്യാ വിശ്വാസികൾക്കും തീരാനഷ്ടത്തിനും ദുഃഖത്തിനും കാരണമായെങ്കിലും സ്വദേശത്തും സ്വന്തഇടവകയ്ക്കും വലിയ അനുഗ്രഹവും പ്രചോദനവും ആയി മാറും എന്നതിനു സംശയമില്ല. ഗുരുക്കന്മാരുടെ ഗുരുവാണ് അച്ചൻ. ആയിരക്കണക്കിന് ശിഷ്യഗണങ്ങൾ അദ്ദേഹത്തിനുണ്ട്. സഭയുടെ പരമാദ്ധ്യക്ഷന്മാർക്കുപോലും ആദരണീയനും ബഹുമാന്യനുമായ കണിയാമ്പറമ്പിലച്ചൻ സഭമക്കളുടെ അനിഷേധ്യ ആത്മീയപിതാവും നേതാവും തന്നെയാണ്. ഇനിയും ആയുസ്സും ആരോഗ്യവും അധികമായി നൽകി ദൈവംതമ്പുരാൻ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. യാക്കൂബ്യൻ മാസികയുടെ രക്ഷാധികാരിയും എഡിറ്റോറിയൽ ബോർഡിന്റെ അദ്ധ്യക്ഷനുമായിരുന്ന വന്ദ്യപിതാവിന് എല്ലാ യാത്രാമംഗളങ്ങളും ആയുരാരോഗ്യങ്ങളും നന്മകളും നേരുന്നു. പിതാവേ അനുഗ്രഹിക്കുക പ്രാർത്ഥിക്കുക. അകലെയെങ്കിലും അങ്ങയുടെ സാന്നിദ്ധ്യം ഞങ്ങൾക്ക് അനുഭവവേദ്യമാകട്ടെ.

## പത്തനംതിട്ടയ്ക്കു തിലകക്കുറിയായി യാക്കോബായ പള്ളി

പത്തനംതിട്ട ടൗണിൽ ഒരു യാക്കോബായ ആരാധനകേന്ദ്രമെന്ന സ്വപ്നം പൂവണിയുന്നു. തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ യൂഹാന്നോൻ മാർ മിലിത്തിയേസ് തിരുമേനിയുടെ പേർക്ക് ഡോ.സജിയുടെ പിതാവും കുടുംബവും പത്തനംതിട്ട ടൗണിൽ പോലീസ് സ്റ്റേഷൻ റോഡിൽ കോ-ഓപ്പറേറ്റീവ് പാരലൽ കോളേജിനു സമീപം ദാനമായി നൽകിയ വസ്തുവിൽ അഭി. തിരുമേനി വി,ദൈവമാതാവിൻരെ നാമത്തിൽ മനോഹരമായ ഒരു ആരാധാനാലയവും ഫിലൻത്രോപിക് സെന്ററും പണികഴിപ്പിച്ചത് യാക്കോബായസഭയ്ക്ക് തന്നെ അനുഗ്രഹവും അഭിമാനവുമായി മാറിയിരിക്കുകയാണ്. പത്തനംതിട്ട ടൗണിനു തിലകക്കുറിയായി നിൽക്കുന്ന ഈ ദൈവാലയത്തിന്റെ പണിക്ക് ഇപ്പോൾ ഏതാണ്ട് 70 ലക്ഷത്തിൽപരം രൂപാ ചെലവായി ഇനിയും വളരെയധികം പണി ബാക്കി നിൽക്കുന്നു. സഭാസ്നേഹികൾ അകമഴിഞ്ഞ് സഹായിച്ചാൽ വലിയ ഒരു കേന്ദ്രമായി ഇതു മാറും.

# ജൂബിലിയാഘോഷിക്കുന്ന കണിയാംപറമ്പിലച്ചൻ

സഭാചരിത്രത്തിൽ തങ്കലിപികളിൽ എഴുതിച്ചേർക്കപ്പെട്ട കണിയാംപറമ്പിൽ അച്ചൻ സുപ്രസിദ്ധമായ മുളന്തുരുത്തിക്ക് സമീപം കാഞ്ഞിരമറ്റത്ത് കണിയാംപറമ്പിൽ പൗലൊസിന്റേയും, ആയമ്മയുടെയും മകനായി 1913 ഫെബ്രുവരി 27 ന് ജനിച്ചു. വിശുദ്ധ കുറിയാക്കോസ് സഹദായുടെ നാമത്തിൽ കുഞ്ഞപ്പൻ മാമോദിസ ഏറ്റു. കാഞ്ഞിരമുറ്റം പ്രൈമറി സ്കൂളിലും, മുളന്തുരുത്തി ഹൈസ്കൂളിലും, കോട്ടയം സി.എം.എസ്. കോളേജിലും പഠനം നടത്തി. കോടനാട് സിയോൻ ആശ്രമത്തിൽ വന്ദ്യ ഔഗേൻ റമ്പാച്ചന്റെ പിന്നീട് കാതോലിക്കേ ശിക്ഷണത്തിൽ ആറുമാസം വൈദികവിദ്യാഭ്യാസവും സുറിയാനി പഠനവും നടത്തി. പന്ത്രാണ്ടാം വയസ്സിൽ അന്ത്യോഖ്യ പ്രതിനിധി ശ്ലീബാ മാർ ഒസ്താത്യോസ് ബാവായുടെ കൈകളാൽ ശെമ്മാശപട്ടവും, പതിനെട്ടാം വയസ്സിൽ മുളന്തുരുത്തി കാട്ട്മങ്ങാട്ട് ബാവാമാരുടെ കുടുംബത്തിൽ കട്ടപ്പള്ളിൽ ഡോ. ജോണിന്റെ ഏക പുത്രിയും, പരി. പരുമല തിരുമേനിയുടെ സഹോദരന്റെ പൗത്രിയുമായ സാറാമ്മയെ വിവാഹം ചെയ്തു. പത്തൊൻപതാം വയസ്സിൽ ആലുവായിലെ വലിയ തിരുമേനി പൗലോസ് മാർ അത്താനാസിയോസ് കശീശപട്ടം നല്കി. 37-ാം വയസ്സിൽ അന്ത്യോഖ്യ പ്രതിനിധി ഏലിയാസ് മാർ യൂലിയോസ് ബാവാ കോർ എപ്പിസ്കോപ്പ സ്ഥാനം നല്കി. 15-ാം വയസ്സിൽ സുറിയാനിയിൽനിന്ന് മലയാളത്തിലേക്ക് ഞായറാഴ്ച പ്രഭാതനമസ്ക്കാരവും, പിന്നീട് സന്ധ്യനമസ്ക്കാരവും വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു. 18-ാം വയസ്സിൽ ഒരു ലഘു സുറിയാനി വ്യാകരണം പ്രസിദ്ധീകരിച്ചു. വി. ദൈവമാതാവിനോടുള്ള അടുത്ത ഭക്തി, മുതിർന്നവരോടുള്ള ബഹുമാനം, പരിശുദ്ധന്മാരോടുള്ള വിശ്വാസം, ഇളംതലമുറയോടുള്ള സ്നേഹം സഭാചാരങ്ങളോടും വിശ്വാസ സത്യങ്ങളിലുമുള്ള അചഞ്ചലമായ വിശ്വാസവും തിരിച്ചറിവും, ഗുരുത്വം വിടാതുള്ള പ്രവർത്തനം അന്ത്യോഖ്യ സിംഹാസനത്തോടുള്ള ഭയഭക്തി, ആതിഥ്യ മര്യാദ വിനയാന്വിതമായ പെരുമാറ്റം പ്രാവിനെപ്പോലെ കളങ്കരഹിതവും, പാമ്പിനെപ്പോലെ കൂർമ ബുദ്ധിയും പാത്രിയർക്കിസന്മാരുടെ ആദരണിയനായ അരുമ പുത്രൻ, കവി, ഗ്രന്ഥകാരകൻ, ചരിത്രകാരൻ, പരിഭാഷകൻ, വേദവ്യഖ്യാതാവ്, കാനോൻ വിഗ്ദ്ധൻ, വാഗ്മി സ്വാഡൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടേറേറ്റ്. കർത്താവ് സംസാരിച്ചതും, സഭുയടെ ആരാധനഭാഷമായ സുറിയാനിയിലുള്ള അഗാധ പാണ്ഡിത്യം ഇംഗ്ലീഷിലും, സുറിയാനിയിലും, മലയാളത്തിലും ഇങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ.

വിവർത്തകനും, സുറിയാനി ഭാഷ പണ്ഡിതനുമായ വാഗമൺ കുരിശുമല ആശ്രമ സ്ഥാപകൻ ഫ്രാൻസിസ് ആചാര്യ (ജർമ്മനി) അച്ചന്റെ ശിഷ്യനാണ്. എം.എസ്.എസ്.എ., ഒ.എസ്.എസ്.എ.ഇ. എന്നിവയുടെ ഡയറക്ടർ ജനറലായും, എം.ജെ.എസ്.എസ്.എ. സ്ഥാപകരിൽ ഒരാളായും 1950-ൽ അഖില മലങ്കര വൈദിസംഘത്തിന്റെ പ്രഥമ സെക്രട്ടറിയായും സിറിയൻ ഓർത്തഡോക്സ് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ചെയർമാനായും കേരള യൂണിവേഴ്സിറ്റിയിൽ 40 വർഷം ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ സിറിയക് ആയും പ്രവർത്തിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ചിട്ടുണ്ട്. മാർ യാക്കോബ് മെഡൽ, മാർ അപ്രേം മെഡൽ, മലങ്കര മല്പാൻ, കോറൂസോ ദശ്റോറോ സ്ഥാനം, കൊച്ചി ഭദ്രാസന മെഡൽ, മലങ്കര സഭ സ്വർണ്ണ പതക്കം, ക്രൈസ്തവ സാഹിത്യ അക്കാദമി പ്രശസ്തി പത്രം, സോഫിയ അവാർഡ്, സോഫാർ ബഹുമതി തുടങ്ങി അനേകം ബഹുമതികൾക്ക് പാത്രിഭൂതനായി. ഇംഗ്ലീഷിലും, സിറിയാനിയിലും, മലയാളത്തിലും, സംസ്കൃതത്തിലും കവിതകൾ രചിച്ചിട്ടുണ്ട്. വിശുദ്ധ മത്തായിയുടെ സുവിശേഷം കവിതയാക്കിയതും എം.ജി. യൂണിവേഴ്സിറ്റി എം.എ. സിറിയക്കിന് പാഠപുസ്തകമാക്കി. വിശുദ്ധ ദൈവമാതാവിന്റെ തിരുശേഷിപ്പ് തന്റെ തലയിൽ സ്പർശിക്കുവാനും അനുഗ്രഹം നേടുവാനുമുള്ള ഭാഗ്യം ഹോംസിലെ സുനോറോ പള്ളിയിൽവെച്ച് ലഭിക്കുകയും അവിടെ വിശുദ്ധ കുർബാന അർപ്പിക്കുകയും ഉണ്ടായി.

22-ാം വയസ്സിൽ തിരുവല്ല കട്ടപ്രത്ത് പള്ളിയിലെ വികാരിയായി മിഖായിൽ മാർ ദിവനാസിയോസ് മെത്രാപ്പോലീത്തയാൽ നിയമിതനായ അച്ചൻ കാൽ നൂറ്റണ്ട് അവിടെ സേവനം ചെയ്തതിനുശേഷം 1959 ഒക്ടോബർ 4-ന് അവിടെനിന്ന് അന്ത്യോഖ്യയുടെ പ്രതിനിധി ഏലിയാസ് മാർ യൂലിയോസ് ബാവായാൽ നവംബർ 14 ന് കൂദാശ ചെയ്യപ്പെട്ട സെന്റ് ജോർജ്ജ് സിംഹാസനപ്പള്ളിയുടെ വികാരിസ്ഥാനം ഏറ്റെടുത്തിട്ട് ഇപ്പോൾ അരനൂറ്റാണ്ടായി. നമസ്ക്കരാം, നോമ്പ്, ഉപവാസം ഇവയിൽ നിഷ്ഠപുലർത്തുന്ന അച്ചൻ ബുധനാഴ്ചത്തോറും വി. ദൈവമാതാവിന്റെ നാമത്തിൽ മദ്ധ്യസ്ഥത യാജിച്ച് വിശുദ്ധ കുർബാന അർപ്പിക്കുന്നു. വി. ദൈവമാതാവിനോടുള്ള പ്രാർത്ഥനകൾ രചിച്ചത് ഇപ്പോൾ 50 പതിപ്പുകൾ പ്രസിദ്ധീകരിച്ചു. നാനാജാതി മതസ്തരായ ലക്ഷോപക്ഷം ജനങ്ങൾ അത് ധ്യാനിച്ച് ഏറ്റുപാടുന്നു. വി. ഗ്രന്ഥം പരിഭാഷപ്പെടുത്തിയ വർഷങ്ങളിൽ മത്സ്യമാംസാതികൾ വർജ്ജിച്ചിരുന്നു. ബർശ്ലിബിയേപ്പോലെ പുതിയനിയമം വ്യാഖ്യാനം എഴുതി. വി. ഗ്രന്ഥത്തിന്റെ മുഖവരിയിൽ അദ്ദേഹം ഇങ്ങനെ എഴുതി: “ഈ കഴുതയെക്കൊണ്ട് കർത്താവിന് ആവശ്യമുണ്ട്.” കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്ക ബാവാ ബസേലിയോസ് ദ്വിതിയൻ അദ്ദേഹത്തിന് നഥാനിയേൽ എന്ന പേര് നല്കി. മക്കൾ: സാറാ-ശൈനോ (ശാന്തമ്മ) തിരുവല്ല കോടിയാട്ട് പുറയ്ക്കൽ കെ.എ. കുര്യന്റെ ഭാര്യയാണ്, മേരി-ശ്ലോമ്മോ (സോമി) നിരണം പനയ്ക്കാമറ്റത്ത് കളപ്പുറയിൽ ഡോ. കെ.എം. ചെറിയാന്റെ ഭാര്യയേയുമാണ്.

## യാക്കോബായ സഭയുടെ അഭിമാനം

# കമാണ്ടർ ടി.യു. കുരുവിളക്ക് അപ്രതീക്ഷിത മന്ത്രിപദവി



രാഷ്ട്രീയത്തിലെ യാദൃച്ഛികതകളും ആകസ്മികതയുമാണു ടി.യു. കുരുവിള എന്ന നേതാവിനെ മന്ത്രിപദത്തിൽ എത്തിക്കുന്നത്. അപ്രതീക്ഷിതമായി, അട്ടിമറി ജയത്തിലൂടെ കോതമംഗലത്തിന്റെ ജനപ്രതിനിധിയായ കുരുവിള എഴുപതാം വയസ്സിൽ മന്ത്രിയാകുന്നതും തികച്ചും അപ്രതീക്ഷിതം.

ഹൗസിങ് ബോർഡ്, പ്ലാന്റേഷൻ കോർപറേഷൻ എന്നിവയുടെ ചെയർമാൻ, 14 വർഷം കീരമ്പാറ പഞ്ചായത്തു പ്രസിഡന്റ്, കോതമംഗലം നഗരസഭാ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷൻ എന്നീ സ്ഥാനങ്ങളെല്ലാം വഹിച്ച കുരുവിള കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ കോതമംഗലത്തു സ്ഥാനാർഥിയായത് അവസാന നിമിഷമാണ്. പി.സി. ജോസഫ് ഉൾപ്പെടെയുള്ള നേതാക്കളെയാണ് പാർട്ടി ആദ്യഘട്ടത്തിൽ പരിഗണിച്ചത്. എന്നാൽ, മണ്ഡലം തിരിച്ചുപിടിക്കാനുള്ള ഉത്തരവാദിത്തം പി.ജെ. ജോസഫ് ഏൽപ്പിച്ചതു തന്റെ വിശ്വസ്തനായ കുരുവിളയെയാണ്. പി.ജെ.യുടെ വിശ്വസ്തൻ എന്ന വിശേഷണം തന്നെയാണ് അദ്ദേഹത്തിന്റെ പിൻഗാമിയാരെന്ന ചർച്ചയിലും കുരുവിളയെ രണ്ടാമനാക്കിയത്. സപ്തതി നിറവിലാണ് ഈ സ്ഥാനലബ്ധി. ഏതാനും ആഴ്ച മുമ്പു കോതമംഗലം ഒറ്റക്കെട്ടായാണു തങ്ങളുടെ എം.എൽ.എയുടെ സപ്തതി ആഘോഷിച്ചത്. കൃഷിക്കാരൻ, വ്യവസായി എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ച കുരുവിള ഈ മന്ത്രിസഭയിൽ എറണാകുളം ജില്ലയിൽ നിന്നുള്ള രണ്ടാമത്തെ അംഗമാണ്.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പു രംഗത്തെ കന്നിക്കാരിൽ മുതിർന്നയാളായിരുന്നു ഇദ്ദേഹം. ഹാട്രിക് വിജയത്തിന്റെ തുടർച്ചയായ നാലാം ജയം തേടി പോരിനിറങ്ങിയ വി.ജെ. പൗലോസിനെ 1814 വോട്ടുകൾക്കു പരാജയപ്പെടുത്തുകയായിരുന്നു. 1695–ൽ കോതമംഗലം മണ്ഡലം രൂപീകരിച്ചശേഷം അവിടെ വിജയക്കൊടി പാറിച്ച രണ്ടാമത്തെ ഇടതു സ്ഥാനാർഥി എന്ന വിശേഷണവും കുരുവിളയ്ക്ക് സ്വന്തം.

രാഷ്ട്രീയ സാഹചര്യങ്ങൾക്കൊപ്പം കുടുംബ ബന്ധങ്ങളും വ്യക്തിബന്ധങ്ങളും ആ വിജയത്തിൽ നിർണായകമായി. കേരള കോൺഗ്രസിന്റെ സംസ്ഥാന സെക്രട്ടറി, ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചു.

യാക്കോബായ സഭാ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുള്ള കുരുവിളയ്ക്കു ഷെവലിയർ, ബാറീത്തോ ശാറീറോ തുടങ്ങിയ ബഹുമതികൾ നൽകി സഭ ആദരിച്ചു.

വൈ.എം.സി.എയുടെ രാജ്യാന്തര പുരസ്കാരവും അദ്ദേഹത്തെ തേടിവന്നിരുന്നു. വൈ.എം.സി.എയിലും ലയൺസ് ക്ലബ്ബിലും സജീവമായിരുന്നു കുരുവിള. കോതമംഗലത്തിനടുത്തു ചേലാട് തോമ്പ്രയിൽ ഉതുപ്പിന്റെയും മറിയത്തിന്റെയും മകനാണ്. കീരമ്പാറ, വടവുകോട്, തിരുവല്ല എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ആലപ്പുഴ കാർമൽ പോളി ടെക്നിക്കിൽ നിന്ന് എൻജിനീയറങ്ങിൽ ഡിപ്ലോമയും നേടി. ഭാര്യ: ചിന്നമ്മ. മക്കൾ: റീന, രേണു, റെമി, ഡോ. രേഖ, എൽദോ.

## മലങ്കര യോഗങ്ങൾ വിളിക്കുന്നതിന് ദിദിമോസ് ബാവായ്ക്ക് സ്ഥിരം വിലക്ക്

കൊച്ചി: മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്ക ബാവ, മലങ്കര മെത്രാപ്പോലീത്ത എന്നീ നിലകളിൽ മലങ്കര അസോസിയേഷനും എപ്പിസ്കോപ്പൽ സിനഡും വിളിച്ചു ചേർക്കുന്നതിനുള്ള വിലക്ക് എറണാകുളം മുൻസിഫ് കോടതി സ്ഥിരപ്പെടുത്തി.

മലങ്കര അസോസിയേഷൻ പ്രസിഡന്റ് എന്ന നിലയിൽ സെപ്റ്റംബർ 21 നു വിളിച്ചു ചേർത്തിട്ടുള്ള യോഗവും അഡീഷനൽ മുൻസിഫ് കെ. സന്തോഷ് കുമാർ തടഞ്ഞിട്ടുണ്ട്. മലങ്കര അസോസിയേഷന്റെ മാനേജിങ് കമ്മിറ്റി, വർക്കിങ് കമ്മിറ്റി യോഗങ്ങൾ വിളിക്കുന്നതിനും വിലക്കു ബാധകമാണ്.

ദിദിമോസ് പ്രഥമനെ 1934 ലെ മലങ്കര സഭാ ഭരണഘടനയനുസരിച്ചു കാതോലിക്കയായോ മലങ്കര മെത്രാപ്പോലീത്തയായോ തിരഞ്ഞെടുത്തിട്ടില്ലെന്നാരോപിച്ച് ചെത്തിക്കോട് ഇടമന മ്യാലിൽ ബാബു പൗലൊസും മറ്റൊരാളും ചേർന്നു സമർപ്പിച്ച കേസിലാണ് കോടതി ഉത്തരവ്.

1934 ലെ മലങ്കര സഭാ ഭരണഘടനയിലെ 97–ാം വ്യവസ്ഥപ്രകാരം മലങ്കര അസോസിയേനാണ് മലങ്കര മെത്രാപ്പോലീത്തയെ തീരുമാനിക്കാനുള്ള അധികാരം ഭരണഘടനയിലെ 114–ാം വ്യവസ്ഥപ്രകാരം പൗരസ്ത്യ കാതോലിക്കയെ തിരഞ്ഞെടുക്കേണ്ടത മലങ്കര അസോസിയേഷനാണെന്നും കോടതി ഉത്തരവിൽ ചൂണ്ടികാട്ടി.



മണർകാട് പള്ളിയിൽ എട്ടുനോമ്പ് ആചരണത്തോട് അനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ശ്രേഷ്ഠ കാതോലിക്ക ബാവ ബസേലിയോസ് തോമസ് പ്രഥമൻ ഉദ്ഘാടനം ചെയ്യുന്നു. മർക്കോസ് മാർ ക്രിസോസ്റ്റമോസ്, ഗീവർഗീസ് മാർ കൂറിലോസ്, കുര്യാക്കോസ് മാർ യൗസേബിയോസ്, പത്രോസ് മാർ ഒസ്താത്തിയോസ്, തോമസ് മാർ തിമോത്തിയോസ്, മന്ത്രി കോടിയേരി ബാലകൃഷ്ണൻ, പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, വി.എൻ. വാസവൻ എം.എൽ.എ., മാത്യു പി. ഏലിയാസ് കോർ എപ്പിസ്കോപ്പ എന്നിവർ സമീപം.

**<u>Printed Matter</u>**

**To**

**Sri / Smt.** ......................................................

.......................................................................

.......................................................................

**If undelieverd Please return to:**
**Chev. K.J. Abraham Kodiattu,**
**Managing Editor**
**Yakkoobyan-Monthly**
**Tiruvalla P.O., Pathanamthitta (Dst.), Kerala.**

Printed & Published by S.O.S.S. Printed at Puthethu Offset Printers, Kallissery. Tel: 0479-2426561
Mag. Editor Chev. K.J. Abraham Kodiattu. Tel: 0469-2601005, Chief Editor (Hon) Fr. Koshy P. George, Tel: 0468-2286465,
Editor (Hon) Alexander Karakkad, Tel: 0479-2424177 (R) 94461 88030 (M)